സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യാന്ന പ്രമദിതവ്യം

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

2023 മെയ് 6 ശനി | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

### രജൗരിയിൽ കണ്ടി മേഖലക്ക് സമീപം ഭീകരരുമായുള്ള ഏറ്റുമുട്ടലിൽ

# അഞ്ച് ഇന്ത്യൻ സൈനികർക്ക് വീരമൃത്യു

ന്യൂഡൽഹി: ജമ്മു കശ്മീരിൽ ഇന്ത്യൻ സൈന്യവും ഭീകരരും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ അഞ്ച് ഇന്ത്യൻ സൈനികർ വീരമൃത്യു വരിച്ചു. ജമ്മു കശ്മീരിലെ രജൗരി സെക്ടറിലാണ് ഏറ്റുമുട്ടലുണ്ടായത്. ഭീകരർ നടത്തിയ സ്ഫോടനത്തിലാണ് സൈനികർക്ക് ജീവൻ നഷ്ടമായത്. പൂഞ്ചിൽ സൈന്യത്തിന്റെ ട്രക്ക് ആക്രമിച്ച് അഞ്ച് സൈനികരെ കൊലപ്പെടുത്തിയ സംഘത്തിലുള്ളവരുമായാണ് ഏറ്റുമുട്ടൽ നടന്നത്. രജൗരി സെക്ടറിൽ ഇന്റർനെറ്റ് വിച്ഛേദിച്ചിരിക്കുകയാണ്. ഗുരുതരമായി പരുക്കേറ്റ ഒരു സൈനികൻ ഇപ്പോഴും അത്യാസന്ന നില തരണം ചെയ്തിട്ടില്ല. ഭീകരവിരുദ്ധ സേനാ ദൗത്യങ്ങളിൽ വൈദഗ്ധ്യം നേടിയ ഒമ്പത് പാരാസ്പെഷ്യൽ ഫോഴ്സസിലെ കമാൻഡോകളായ ലാൻസ്നായിക് രുചിൻസിങ് റാവത്ത്(ഉത്തരാഖണ്ഡ്), പാരാട്രൂപ്പർ സിദ്ധന്ത് ഛേത്രി(ബംഗാള്), പാരാട്രൂപ്പർ പ്രമോദ് നേഗി(ഹിമാചൽ), നായിക് അരവിന്ദ് കുമാർ(ഹിമാചൽ), ഹവീൽദാർ നീലംസിങ്(ജമ്മുകശ്മീർ) എന്നിവരാണ് മരണപ്പെട്ടത്. രജൗരി സെക്ടറിലെ കണ്ടി വനമേഖലയിലാണ് ഭീകരർ ഉണ്ടെന്ന് വിവരം കിട്ടിയത്. രാവിലെ ഏഴരയോടെ സൈനിക സംഘം ഏറ്റുമുട്ടൽ പ്രദേശത്തേക്ക് പുറപ്പെട്ടു. ഒരു ഗുഹക്ക് അകത്ത് ഇവർ ഒളിച്ചുകഴിയുന്നതായി സൈന്യം കണ്ടെത്തി. വലിയതും ചെങ്കുത്തായതുമായ പാറക്കെട്ടുകളുള്ള ഈ പ്രദേശത്ത് ഭീകരരെ കീഴ്പ്പെടുത്തുകയെന്ന വളരെ ശ്രമകരമായ ദൗത്യമാണ് സൈനികർ ഏറ്റെടുത്തത്. സൈനികർക്ക് വെടിയേറ്റതോടെ കൂടുതൽ സൈനികർ സ്ഥലത്തെത്തി. പരുക്കേറ്റവരെ ഉദ്ദംപൂരിലെ സൈനിക ആശുപത്രിയിലേക്കാണ് എത്തിച്ചത്. രാത്രിയും ഏറ്റുമുട്ടൽ തുടർന്നു. ഏതാനും ഭീകരരെ വധിച്ചതായാണ് സേനയുടെ നിഗമനം.



രജൗരിയിൽ ഭീകരരുമായി ഏറ്റുമുട്ടലുണ്ടായ കണ്ടി മേഖലക്ക് സമീപം എത്തിയ സുരക്ഷാ ഉദ്യോഗസ്ഥർ




## ഏപ്രിലിലെ രണ്ടാം ഗഡു ശമ്പളം മുടങ്ങി, കെ.എസ്.ആർ.ടി.സിയിൽ ഇന്ന് മുതൽ സംയുക്ത സമരം

തിരുവനന്തപുരം: ശമ്പള വിതരണം മുടങ്ങിയതോടെ കെ.എസ്.ആർ.ടി.സി ജീവനക്കാർ ഇന്ന് മുതൽ സംയുക്ത സമരത്തിലേക്ക്. ജീവനക്കാരുടെ ഏപ്രിൽ മാസത്തെ ശമ്പളം മുഴുവനായും നൽകാനായില്ല. ഏപ്രിൽ മാസത്തെ ശമ്പളത്തിൽ രണ്ടാം ഗഡുവാണ് മുടങ്ങിയത്. ഇതിനായി ധനവകുപ്പ് പണം അനുവദിച്ചിരുന്നില്ല. ഈ സാഹചര്യത്തിലാണ് ജീവനക്കാർ സംയുക്ത സമരത്തിലേക്ക് കടക്കുന്നത്. 50 കോടിയായിരുന്നു കെ.എസ്.ആർ.ടി.സി ധനവകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നത്. ഏപ്രിലിലെ മുഴുവൻ ശമ്പളവും മെയ് അഞ്ചിനകം നൽകാനാകുമെന്ന് മുഖ്യമന്ത്രി അറിയിച്ചിരുന്നു.

സി.ഐ.ടി.യു, ടി.ഡി.എഫ് സംഘടനകൾ ചീഫ് ഓഫിസിന് മുന്നിൽ സമരം തുടങ്ങാനാണ് തീരുമാനിച്ചിരിക്കുന്നത്. എട്ടാം തിയ്യതി ബി.എം.എസിന്റെ നേതൃത്വത്തിലും ജീവനക്കാർ പണിമുടക്ക് പ്രഖ്യാപിച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപ് നൽകണമെന്ന് ഹൈക്കോടതി അന്ത്യശാസനം നൽകിയിരുന്നു. മാസം തോറുമുള്ള കലക്ഷനിൽ നിന്ന് ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിയില്ലെന്ന് ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ കെ.എസ്.ആർ.ടി.സി അറിയിക്കുകയും ചെയ്തിരുന്നു. ഒരു വർഷമായി സർക്കാർ നൽകുന്ന 50 കോടി രൂപയിൽ നിന്നാണ് ശമ്പളം നൽകുന്നത്.

### മുൻ എം.എൽ.എ നബീസ ഉമ്മാൾ അന്തരിച്ചു



തിരുവനന്തപുരം: മുൻ എം.എൽ.എയും കോളജ് അധ്യാപികയുമായിരുന്ന പ്രൊഫ. എ. നബീസ ഉമ്മാൾ (91) അന്തരിച്ചു. തിരുവനന്തപുരം നെടുമങ്ങാട്ടുള്ള വസതിയിൽ വച്ചായിരുന്നു അന്ത്യം. വാർധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ചികിത്സയിലായിരുന്നു. കേരളത്തിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ ആദ്യ മുസ്‌ലിം വനിതയാണ് നബീസ ഉമ്മാൾ. എ.ആർ രാജരാജവർമക്കുശേഷം യൂണിവേഴ്സിറ്റി കോളജിൽ വകുപ്പ് അധ്യക്ഷയും പ്രിൻസിപ്പലുമാകുന്ന ആദ്യ മലയാള പണ്ഡിതയുമായിരുന്നു അവർ. 33 വർഷത്തെ അധ്യാപനത്തിനിടയിൽ കേരളത്തിലെ പത്തിലേറെ പ്രമുഖ കലാലയങ്ങളിൽ അധ്യാപികയായിരുന്നു. 1986ൽ തിരുവനന്തപുരം യൂനിവേഴ്സിറ്റി കോളജിൽ പ്രിൻസിപ്പലായിരിക്കെയാണ് സർവീസിൽനിന്നും വിരമിച്ചത്. 1987ൽ നടന്ന നിയമസഭ തിരഞ്ഞെടുപ്പിൽ സി.പി.ഐ.എം സ്വതന്ത്ര സ്ഥാനാർത്ഥിയായി കഴക്കൂട്ടം മണ്ഡലത്തിൽ നിന്ന് മത്സരിച്ച് വിജയിച്ചു. 1991ലെ തിരഞ്ഞെടുപ്പിൽ കഴക്കൂട്ടത്തുനിന്നും എം.വി രാഘവനോട് 689 വോട്ടുകൾക്ക് പരാജയപ്പെട്ടു. 1995ൽ നെടുമങ്ങാട് നഗരസഭ ചെയർപേഴ്സണായിരുന്നു.

## വന്ദേഭാരത് ഹിറ്റ്; ആറ് ദിവസംകൊണ്ട് യാത്ര ചെയ്തത് 27,000 പേർ, കോടികളുടെ വരുമാനം

തിരുവനന്തപുരം: കേരളത്തിന് അനുവദിച്ച വന്ദേഭാരതിന്റെ ആദ്യ ആഴ്ചയിലെ വരുമാനം സംബന്ധിച്ച കണക്കുകൾ പുറത്തുവിട്ടു. കാസർകോട് നിന്ന് തിരുവനന്തപുരത്തേക്കുള്ള ട്രിപ്പിനാണ് യാത്രക്കാരിൽ നിന്ന് മികച്ച പ്രതികരണം ലഭിക്കുന്നത്. ഈ റൂട്ടിലുള്ള യാത്രയ്ക്ക് വേണ്ടിയാണ് ഏറ്റവുമധികം ആളുകൾ ടിക്കറ്റ് ബുക്ക് ചെയ്തത്. വന്ദേഭാരത് ട്രെയിനിന് ടിക്കറ്റ് ഇനത്തിൽ ലഭിച്ച കണക്കുകളാണ് പുറത്തുവിട്ടത്. ആറു ദിവസം കൊണ്ട് 2.7 കോടി രൂപയാണ് ടിക്കറ്റിനത്തിൽ ലഭിച്ചത്. കാസർകോട് നിന്ന് തിരുവനന്തപുരത്തേക്കുള്ള ട്രിപ്പിലൂടെ മാത്രം വന്ദേഭാരതിന് ലഭിച്ചത് 1.17 കോടി രൂപയാണ്. തിരുവനന്തപുരം കാസർകോട് റൂട്ടിലെ ടിക്കറ്റ് വരുമാനം-ഏപ്രിൽ 28: 19.5 ലക്ഷം രൂപ, ഏപ്രിൽ 29: 20.30 ലക്ഷം, ഏപ്രിൽ 30: 20.50 ലക്ഷം, മെയ് 1: 20.1 ലക്ഷം രൂപ, മെയ് 2: 18.2 ലക്ഷം രൂപ, മെയ് 3: 18 ലക്ഷം രൂപ. തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള പ്രതിദിന ശരാശരി കളക്ഷൻ 18 ലക്ഷം രൂപയാണ്. ഏപ്രിൽ 28 മുതൽ മെയ് മൂന്ന് വരെയുള്ള കണക്കുകളാണ് പുറത്തുവന്നത്. ഏപ്രിൽ 25ന് തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ വച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് കേരളത്തിലെ ആദ്യ വന്ദേഭാരത് ഫ്ളാഗ് ഓഫ് ചെയ്തത്. വന്ദേഭാരത് കാരണം മറ്റ് ട്രെയിനുകൾ വൈകുന്നുവെന്ന വാർത്ത കഴിഞ്ഞ ദിവസം മാധ്യമങ്ങളിൽ വന്നിരുന്നു. ഇതേത്തുടർന്ന് ഇക്കാര്യത്തിൽ വിശദീകരണവുമായി രംഗത്തെത്തിയിരിക്കുകയാണ് ദക്ഷിണ റെയിൽവേ അധികൃതർ. വന്ദേ ഭാരത് കാരണം മറ്റ് ട്രെയിനുകൾ വൈകുന്നില്ലെന്നാണ് ദക്ഷിണ റെയിൽവേ വ്യക്തമാക്കുന്നത്. വന്ദേ ഭാരത് കൃത്യസമയവും വേഗവും പാലിക്കുന്നുണ്ടെന്ന് ദക്ഷിണ റെയിൽവേ പത്രകുറിപ്പിൽ വ്യക്തമാക്കുന്നു. വന്ദേ ഭാരത് തിരുവനന്തപുരത്തും കാസർകോടും നിന്ന് പുറപ്പെടുന്നതും എത്തുന്നതും കൃത്യസമയത്ത് തന്നെയാണ്. ട്രയൽ റണ്ണിലെ സമയം സർവീസ് റണ്ണുമായി താരതമ്യം ചെയ്യാനാവില്ലെന്നും റെയിൽവേ വ്യക്തമാക്കി.



## ബംഗാൾ ഉൾക്കടലിൽ ചക്രവാതച്ചുഴി; കേരളത്തിൽ മഴ സാഹചര്യം മാറും, ജാഗ്രത

തിരുവനന്തപുരം: തെക്ക് കിഴക്കൻ ബംഗാൾ ഉൾക്കടലിൽ ചക്രവാതച്ചുഴി രൂപപ്പെട്ട് ഇന്ന് ന്യൂനമർദമായി മാറും. പിന്നീട് തീവ്രമാകുന്ന ന്യൂനമർദം തിങ്കളാഴ്ചയ്ക്ക് ശേഷം ചുഴലിക്കാറ്റായി മാറുമെന്നാണ് കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ അറിയിപ്പ്. ചുഴലിക്കാറ്റ് രൂപപ്പെട്ടതിന് ശേഷം വടക്കോട്ട് നീങ്ങാനാണ് സാധ്യത. സഞ്ചാരപാതയിലോ, പ്രഭാവത്തിലോ വ്യക്തതയായിട്ടില്ല. എങ്കിലും കേരളത്തിൽ മറ്റന്നാളോടെ മഴ വീണ്ടും ശക്തിപ്പെട്ടേക്കും. തിങ്കളാഴ്ച വയനാട് ജില്ലയിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ചൊവ്വാഴ്ച എറണാകുളം, ഇടുക്കി ജില്ലകളിലും യെല്ലോ അലർട്ടായിരിക്കും. കടൽ പ്രക്ഷുബ്ധമായിരിക്കുമെന്നും മുന്നറിയിപ്പുണ്ട്. അതേസമയം, കേരളത്തിൽ അടുത്ത ദിവസങ്ങളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടി, മിന്നൽ, കാറ്റോട് കൂടിയ മഴക്കാണ് സാധ്യതയുള്ളത്. 24 മണിക്കൂറിൽ 64.5 മില്ലിമീറ്ററിൽ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യമാണുള്ളത്. കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസമില്ല എന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

**പ്രത്യേക ജാഗ്രതാ നിർദേശം:**

06-05-2023: കൊമോറിൻ പ്രദേശം, ഗൾഫ് ഓഫ് മാന്നാർ, തമിഴ്നാട് തീരം, തെക്ക്-കിഴക്കൻ ബംഗാൾ ഉൾക്കടലിന്റെ തെക്കൻ ഭാഗങ്ങൾ, തെക്ക്-പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, തെക്ക് ആൻഡമാൻ കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 45 കിലോമീറ്റർ വരെ വേഗതയിലും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗതയിലും ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യത.

## ബ്രിജ് ഭൂഷണെതിരായ പീഡന പരാതിയിൽ ഗുരുതര ആരോപണങ്ങൾ



ന്യൂഡൽഹി: ബി.ജെ.പി എം.പിയും ഗുസ്തി ഫെഡറേഷൻ അധ്യക്ഷനുമായ ബ്രിജ് ഭൂഷണെതിരേ വനിതാ ഗുസ്തി താരങ്ങൾ നൽകിയ പരാതിയിൽ ഗുരുതര ആരോപണങ്ങൾ. പ്രായപൂർത്തിയാകാത്ത പെൺകുട്ടി ഉൾപ്പെടെ ഏഴുവനിതകൾ നൽകിയ പരാതിയിൽ നിരന്തര ലൈംഗികാക്രമണം ബ്രിജ് ഭൂഷണിന്റെ ഭാഗത്തു നിന്നുണ്ടായി എന്നാണ് വ്യക്തമാക്കുന്നത്. ഡൽഹി കൊണാട്ട് പ്ലേസ് പൊലീസ് സ്റ്റേഷനിൽ താരങ്ങൾ നൽകിയ പരാതിയിൽ ബ്രിജ് ഭൂഷണിന്റെ ലൈംഗികാതിക്രമം നേരിടേണ്ടി വന്ന എട്ട് സംഭവങ്ങളാണ് വിവരിക്കുന്നത്. ശ്വാസം പരിശോധിക്കാനെന്ന വ്യാജേന നെഞ്ചിലും വയറിലും തൊടുക, വ്യായാമത്തിനിടെയും ടൂർണമെന്റിനിടെയും മോശമായ രീതിയിൽ കെട്ടിപ്പിടിക്കുകയും സ്വകാര്യഭാഗങ്ങൾ സ്പർശിക്കാൻ ശ്രമിക്കുകയും ചെയ്യുക തുടങ്ങി നിരവധി പരാതികളാണ് പുറത്തുവന്നിട്ടുള്ളത്. 2016ൽ ഒരു റെസ്റ്റോറന്റിൽ വെച്ച് ഒരുമിച്ച് ഭക്ഷണം കഴിക്കാനാവശ്യപ്പെട്ട ഇയാൾ ഒരു താരത്തിന്റെ സ്വകാര്യ ഭാഗങ്ങളിൽ സ്പർശിച്ചതിനെ തുടർന്ന് വിശപ്പും ഉറക്കവും നഷ്ടപ്പെട്ട് കടുത്ത മാനസിക സമ്മർദത്തിലായിരുന്നു താരം. ഗുസ്തി ഫെഡറേഷന്റെ മുഴുവൻ അധികാരവും പിന്തുണയുമുള്ളതിനാൽ ബ്രിജ് ഭൂഷണെതിരെ ശബ്ദമുയർത്താൻ സാധിക്കാത്ത സാഹചര്യത്തിലായിരുന്നു താരങ്ങൾ. പ്രയാപൂർത്തിയാകാത്ത പെൺകുട്ടി ഉൾപ്പെടെ പരാതി നൽകിയിട്ടും ബ്രിജ് ഭൂഷണെതിരേ നടപടിയില്ലാത്ത സാഹചര്യത്തിൽ താരങ്ങൾ ജന്തർ മന്തറിൽ നടത്തുന്ന സമരം തുടരുകയാണ്. സമരം ചെയ്യുന്ന ഗുസ്തി താരങ്ങൾക്ക് നീതി ലഭിച്ചില്ലെങ്കിൽ ബഹുമതികൾ മടക്കി നൽകുമെന്ന് ദ്രോണാചാര്യ അവാർഡ് ജേതാവും പരിശീലകനുമായ മഹാവീർ ഫോഗട്ട് പ്രസ്താവിച്ചു. ഗുസ്തിതാരങ്ങളും ഒളിമ്പിക് മെഡലുകളും പദ്മശ്രീയും ഉൾപ്പെടെയുള്ള ബഹുമതികൾ കേന്ദ്രസർക്കാരിന് തിരിച്ചു നൽകുമെന്ന് അറിയിച്ചിട്ടുണ്ട്.




### പ്രതിരോധ സേനാ വിഭാഗത്തിന്റെ ധ്രുവ് ഹെലികോപ്റ്റർ പ്രവർത്തനം നിർത്താൻ ഉത്തരവ്

ന്യൂഡൽഹി: തുടർച്ചയായി അപകടത്തിൽപ്പെടുന്ന സാഹചര്യത്തിൽ ഇന്ത്യൻ പ്രതിരോധ സേനാ വിഭാഗങ്ങൾ ഉപയോഗിക്കുന്ന ധ്രുവ് ഹെലികോപ്റ്ററുകളുടെ പ്രവർത്തനം രാജ്യത്ത് നിർത്തിവെച്ചു. കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ ഉത്തരവിനെ തുടർന്നാണ് പ്രവർത്തനം നിർത്തിയത്. ജമ്മു കശ്മീരിലെ കിഷ്ത്വാറിൽ ധ്രുവ് ഹെലികോപ്റ്റർ തകർന്ന് വീണ് കഴിഞ്ഞ ദിവസം ഒരു സൈനികൻ വീരമൃത്യു വരിച്ചിരുന്നു. വിദേശത്തേക്കടക്കം കയറ്റുമതി ചെയ്യുന്ന ധ്രുവ് ഹെലികോപ്റ്ററുകൾ നിരന്തരം അപകടത്തിൽ പെടുന്നത് അന്താരാഷ്ട്ര തലത്തിൽ അവമതിപ്പുണ്ടാക്കുന്നുവെന്നാണ് പ്രവർത്തനം നിർത്തിവെക്കാൻ മറ്റൊരു കാരണമായി ചൂണ്ടിക്കാണിക്കുന്നത്. തദ്ദേശീയമായി നിർമിക്കുന്ന ധ്രുവ് ഹെലികോപ്ടറുകൾ കഴിഞ്ഞ രണ്ട് മാസത്തിനിടെ മൂന്ന് തവണ അപകടത്തിൽ പെട്ടിരുന്നു. മാർച്ച് എട്ടിന് മുംബൈ തീരത്ത് നാവികസേനയുടെ ഹെലികോപ്റ്റർ ഇടിച്ചിറക്കിയിരുന്നു. അന്ന് പവർ ലോസായിരുന്നു കാരണം. ആർക്കും പരുക്കേറ്റിരുന്നില്ല. മാർച്ച് 23ന് നെടുമ്പാശേരിയിൽ ഹെലികോപ്റ്റർ അപകടത്തിൽപെട്ടിരുന്നു.

## പൂഞ്ച് ഭീകരാക്രമണം; 'ഓപ്പറേഷൻ ത്രിനേത്ര' വിലയിരുത്താൻ പ്രതിരോധമന്ത്രി കശ്മീരിലെത്തും

ജമ്മു: പൂഞ്ചിൽ ഭീകരാക്രമണം നടത്തിയ ഭീകരരെ പിടികൂടാനുള്ള ഓപ്പറേഷൻ ത്രിനേത്ര' വിലയിരുത്താൻ കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് കശ്മീരിലെത്തും. കരസേന മേധാവി ജനറൽ മനോജ് പാണ്ഡെ, രാജ്നാഥ് സിംഗിനെ അനുഗമിക്കും. ഓപ്പറേഷൻ ത്രിനേത്ര വിലയിരുത്താൻ നേർത്തേൺ ആർമി കമാൻഡർ ഉപേന്ദ്ര ദ്വിവേദി രജൗരിയിൽ എത്തി ഏറ്റുമുട്ടൽ നടക്കുന്ന കണ്ടി വനമേഖലയിലെ സ്ഥിതി വിലയിരുത്തി.



ബാംഗളൂരുവിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ റോഡ്ഷോയിൽ നിന്ന്

### എ.ഐ ക്യാമറ വിവാദം: മുഖ്യമന്ത്രിക്കെതിരായ അഴിമതി ആരോപണത്തിൽ കഴമ്പില്ലെന്ന് മന്ത്രി ആന്റണി രാജു

തിരുവനന്തപുരം: എ.ഐ ക്യാമറ വിവാദത്തിൽ മുഖ്യമന്ത്രിക്കെതിരായ ആരോപണത്തിൽ യാതൊരു കഴമ്പുമില്ലെന്ന് ഗതാഗത മന്ത്രി ആന്റണി രാജു. ക്യാമറ ഇടപാടുമായി ബന്ധപ്പെട്ട ഫയൽ സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയൻ മന്ത്രിസഭാ യോഗത്തിലാണ് കണ്ടത്. അദ്ദേഹം പരിശോധിക്കേണ്ട ഫയലായിരുന്നില്ല അത്. കരാറുമായി മുഖ്യമന്ത്രിക്ക് ബന്ധമില്ല. കെൽട്രോണുമായാണ് ഗതാഗത വകുപ്പ് കരാർ ഒപ്പിട്ടതെന്നും മന്ത്രി വിശദീകരിച്ചു. എൽ.ഡി.എഫിനെ നയിക്കുന്ന നായകനാണ് മുഖ്യമന്ത്രി. അദ്ദേഹത്തെ താറടിച്ച് കാണിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. അതും മുൻപേ നടക്കുന്നതാണ്. ഈ ആരോപണങ്ങൾ കൊണ്ട് ജനങ്ങളെ കുറേ കാലത്തേക്ക് കബളിപ്പിക്കാനാവും. എന്നാൽ എല്ലാ കാലത്തേക്കും കഴിയില്ലെന്നും പ്രതിപക്ഷം ഉന്നയിക്കുന്ന കാര്യങ്ങൾക്ക് അടിസ്ഥാനമില്ലെന്നും മുഖ്യമന്ത്രിക്കെതിരെ ഒരു തെളിവുമില്ലെന്ന് മനസിലാവുമെന്നും അദ്ദേഹം പറഞ്ഞു.അതേസമയം മോട്ടോർ വാഹന നിയമം മാറ്റാൻ സംസ്ഥാനത്തിന് അധികാരമില്ലെന്ന് അദ്ദേഹം പറഞ്ഞു.


## എലത്തൂർ ട്രെയിൻ ആക്രമണം: ഷഹ്‌റൂഖ് സെയ്ഫിയെ ഷൊർണൂരിലെത്തിച്ച് തെളിവെടുത്തു

പാലക്കാട്: എലത്തൂർ ട്രെയിൻ തീവയ്പ്പ് കേസിലെ പ്രതി ഷഹ്‌റൂഖ് സെയ്ഫിയെ ഷൊർണൂരിൽ തെളിവെടുപ്പിനെത്തിച്ചു. പെട്രോൾ പമ്പിലും റെയിൽവേ സ്റ്റേഷനിലും അടക്കം പ്രതിയുമായി എൻ.ഐ.എ സംഘം തെളിവെടുപ്പ് നടത്തി. കേസന്വേഷണം എൻ.ഐ.എ ഏറ്റെടുത്ത ശേഷം ആദ്യമായാണ് പ്രതിയുമായി അന്വേഷണ സംഘം തെളിവെടുപ്പ് നടത്തിയത്.

ഏഴു ദിവസത്തേക്കാണ് കൊച്ചിയിലെ എൻ.ഐ.എ കോടതി ഷഹ്‌റൂഖ് സെയ്ഫിയെ അന്വേഷണ സംഘത്തിന്റെ കസ്റ്റഡിയിൽ വിട്ടത്. ഇന്ന് നാലാം ദിവസമാണ് ഷഹ്‌റൂഖ് സെയ്ഫി കസ്റ്റഡിയിലുള്ളത്. എലത്തൂർ ട്രെയിൻ തീവയ്പ്പ് കേസിന് പിന്നിൽ തീവ്രവാദ ബന്ധമുണ്ടോ, ഷഹ്‌റൂഖ് സെയ്ഫിക്ക് കൂടുതൽ പേരുടെ സഹായം കിട്ടിയിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളാണ് ദേശീയ അന്വേഷണ ഏജൻസി അന്വേഷിക്കുന്നത്. എലത്തൂർ ട്രെയിൻ തീവയ്പ്പ് കേസ് ദേശീയ അന്വേഷണ ഏജൻസി ഏറ്റെടുത്തത് കഴിഞ്ഞ ഏപ്രിൽ 18നായിരുന്നു. കേന്ദ്ര സർക്കാർ വിജ്ഞാപനമിറക്കിയതിന് പിന്നാലെ എൻ.ഐ.എ കൊച്ചി യൂണിറ്റ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിരുന്നു. മൂന്നു പേരുടെ മരണത്തിനും ഒൻപത് പേർക്ക് ഗുരുതരമായി പരുക്കേൽക്കാനും ഇടയായ ട്രെയിൻ തീവയ്പ് കേസിന് പിന്നിൽ തീവ്രവാദ ബന്ധമുണ്ടെന്ന സംശയം ബലപ്പെട്ടതോടെയാണ് കേസ് ദേശീയ അന്വേഷണ ഏജൻസിക്ക് കൈമാറിയത്.

# വിവാദ ചിത്രം 'ദ കേരള സ്റ്റോറി'യെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി

ബംഗളൂരു: വിവാദചിത്രം 'ദ കേരള സ്റ്റോറി'യെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. തീവ്രവാദം തുറന്നു കാട്ടുന്ന സിനിമയാണ് ദ കേരള സ്റ്റോറിയെന്ന് കർണാടകത്തിൽ തെരഞ്ഞെടുപ്പ് റാലിയിൽ അദ്ദേഹം പറഞ്ഞു. രാജ്യത്തിനെതിരായ ഗൂഢാലോചന ചിത്രം തുറന്നുകാട്ടുന്നുവെന്നും അദ്ദേഹം പറഞ്ഞു. സിനിമയെ എതിർക്കാനാണ് കോൺഗ്രസ് ശ്രമിക്കുന്നതെന്ന് അദ്ദേഹം ആരോപിച്ചു. തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് കോൺഗ്രസിന്റേത്. തീവ്രവാദത്തെ പിന്തുണക്കുന്നവരുമായി പിൻവാതിൽ ചർച്ച നടത്തുന്നവരാണ് കോൺഗ്രസുകാരെന്നും പ്രധാനമന്ത്രി കുറ്റപ്പെടുത്തി. കാര്യങ്ങൾ നിരോധിക്കാനും വികസനത്തെ പൂർണമായും അവഗണിക്കാനും മാത്രമേ കോൺഗ്രസിന് അറിയൂ. കർണാടക അസംബ്ലി തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ ബി.ജെ.പി പ്രചാരണ ആയുധമാക്കി കേരള സ്റ്റോറി സിനിമയെ ഉപയോഗിക്കുന്നുണ്ട്. കർണാടകയിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ ഒരുഘട്ടത്തിൽ തൊട്ടടുത്ത് കേരളമാണെന്ന് പ്രസംഗിച്ചത് വൻ വിവാദമായിരുന്നു. അമിത് മാളവ്യ അടക്കം ബി.ജെ.പിയുടെ മറ്റ് നേതാക്കളും കേരളാ സ്റ്റോറി സിനിമയെ അനുകൂലിച്ചും പ്രശംസിച്ചും രംഗത്ത് വന്നിരുന്നു. വിവാദങ്ങൾക്കും പ്രതിഷേധങ്ങൾക്കുമിടെ 'ദി കേരള സ്റ്റോറി' കേരളത്തിൽ പ്രദർശനം തുടങ്ങി. ചിത്രം സ്റ്റേ ചെയ്യേണ്ട സാഹചര്യമില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കി. സാങ്കൽപ്പിക സിനിമയല്ലേയെന്നും ചിത്രത്തിന്റെ ഉള്ളടക്കം ഭീകര സംഘടന ഇസ്ലാമിക് സ്റ്റേറ്റിന് എതിരെയല്ലേയെന്നും കോടതി ചോദിച്ചു. മുമ്പ് ഹിന്ദു സന്യാസിമാർക്കും ക്രിസ്ത്യൻ പുരോഹിതർക്കുമെതിരെ പരാമർശങ്ങളുള്ള സിനിമകൾ ഇറങ്ങിയിട്ടും ആശ്രമത്തിലും കോൺവന്റിലും ആരെങ്കിലും പോകാതിരിക്കുന്നുണ്ടോയെന്നും കോടതി ചോദിച്ചു. 'ദ കേരള സ്റ്റോറി' മതേതര സ്വഭാവമുള്ള കേരളം സ്വീകരിക്കുമെന്ന് ഹൈക്കോടതി പറഞ്ഞു.




## നാലുവയസുകാരിയെ ബലാത്സംഗം ചെയ്തുകൊന്ന പ്രതിയുടെ ദയാഹർജി രാഷ്ട്രപതി തള്ളി

ന്യൂഡൽഹി: മഹാരാഷ്ട്രയിൽ നാലു വയസുകാരിയെ ബലാത്സംഗം ചെയ്തുകൊന്ന കേസിലെ പ്രതിയുടെ ദയാഹർജി രാഷ്ട്രപതി ദ്രൗപതി മുർമു തള്ളി. 2008ൽ നാലു വയസുമാത്രം പ്രായമുണ്ടായിരുന്ന പെൺകുട്ടിയെ ക്രൂരമായി ബലാത്സംഗത്തിനിരയാക്കി കൊലപ്പെടുത്തിയ കേസിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട വസന്ത സമ്പത്ത് ദുപാരെ എന്ന 61കാരന്റെ ദയാഹർജിയാണ് രാഷ്ട്രപതി തള്ളിയത്. രാഷ്ട്രപതിയായി അധികാരമേറ്റ ശേഷം മുർമു തള്ളുന്ന ആദ്യത്തെ ദയാഹർജിയാണ് ഇത്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ശുപാർശ ലഭിച്ചതിനു പിന്നാലെയാണ് ദുപാരെയുടെ ഹർജി രാഷ്ട്രപതി തള്ളിയത്. വധശിക്ഷയ്ക്കെതിരേ പ്രതി ദുപാരെ നൽകിയ പുനഃപരിശോധനാഹർജി 2017ൽ മെയിൽ സുപ്രീം കോടതി തള്ളിയിരുന്നു. നാലുവയസുകാരിയെ അതിക്രൂരമായി കൊലപ്പെടുത്തിയ രീതിയും മറ്റ് സാഹചര്യങ്ങളും പരിഗണിക്കുമ്പോൾ പ്രതി വധശിക്ഷ അർഹിക്കുന്നുണ്ടെന്നായിരുന്നു സുപ്രീം കോടതിയുടെ നിരീക്ഷണം. നാലു വയസുകാരിയെ അയൽവാസിയായ പ്രതി തട്ടിക്കൊണ്ടുപോയി ബലാത്സംഗം ചെയ്യുകയും പിന്നീട് കല്ലുകൾ കൊണ്ട് കുത്തിക്കൊലപ്പെടുത്തുകയുമായിരുന്നു. വിചാരണക്കോടതിയുടേയും ബോംബെ ഹൈക്കോടതിയുടെയും ഉത്തരവുകൾ സുപ്രീം കോടതി ശരിവയ്ക്കുകയായിരുന്നു.



## ഗൂഗിൾ അക്കൗണ്ട് ലോഗിൻ ചെയ്യാൻ പാസ്‌വേർഡ് വേണ്ട; പാസ് കീയാണ് സുരക്ഷിതം

ന്യൂഡൽഹി: ഗൂഗിൾ അക്കൗണ്ട് ലോഗിൻ ചെയ്യാൻ പാസ്‌വേർഡിനേക്കാൾ സുരക്ഷിതമായ സംവിധാനം അവതരിപ്പിച്ചിരിക്കുകയാണ് ഗൂഗിൾ. പാസ് കീ എന്ന സംവിധാനമാണ് അക്കൗണ്ട് ലോഗിൻ ചെയ്യാൻ പാസ് വേർഡിനേക്കാൾ സുരക്ഷിതമെന്ന് ഗൂഗിൾ പറയുന്നത്. ഫിഷിങ് പോലുള്ള ഓൺലൈൻ ആക്രമണങ്ങളെ ചെറുക്കാൻ ഇത് സഹായിക്കുമെന്നും ഒ.ടി.പി പോലുള്ള സംവിധാനങ്ങളേക്കാൾ സുരക്ഷിതമാണ് ഇവയെന്നും ഗൂഗിൾ പറയുന്നു. നിലവിലുള്ള റിമെമ്പർ പാസ് വേർഡ് ഓപ്ഷൻ അത്ര സുരക്ഷിതമല്ലെന്നും പാസ് കീ കൂടുതൽ സുരക്ഷിതമാണെന്നും ഗൂഗിൾ പറയുന്നു. ഫിഡോ സഖ്യത്തിന്റെ ഭാഗമായി തങ്ങളുടെ പ്ലാറ്റ്ഫോമിലേക്ക് പാസ്കീ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചതായി 2022ൽ തന്നെ ഗൂഗിളും മൈക്രോസോഫ്റ്റും ആപ്പിളും പ്രഖ്യാപിച്ചിരുന്നു. സ്ഥിരമായി ഉപയോഗിക്കുന്ന സ്വന്തം ഉപകരണങ്ങളിൽ മാത്രമേ പാസ് കീ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുകയുള്ളൂ. ഭാവിയിൽ വൻകിട ടെക് കമ്പനികൾ പാസ്‌വേർഡ് രഹിത രീതിയിലേക്കാണ് പോകാൻ ഉദ്ദേശിക്കുന്നതെന്നും ഗൂഗിൾ പറയുന്നു. പാസ്‌വേർഡുകൾക്ക് പകരം ഫിംഗർപ്രിന്റ്, ഫെയ്സ് സ്കാൻ, സ്ക്രീൻ ലോക്ക് പിൻ തുടങ്ങിയവ ഉപയോഗിച്ച് അക്കൗണ്ടിൽ ലോഗിൻ ചെയ്യാൻ പാസ്കീ സംവിധാനത്തിലൂടെ സാധിക്കും. g.co/passkeys എന്ന ലിങ്ക് ഉപയോഗിച്ചോ ഗൂഗിൾ അക്കൗണ്ടിലെ സെക്യൂരിറ്റി എന്ന ഓപ്ഷൻ വഴിയോ പാസ്കീ തിരഞ്ഞെടുക്കാം. ഏത് ഉപകരണത്തിലാണോ അക്കൗണ്ട് ഉപയോഗിക്കുന്നത് അതിൽ പാസ്കീ ജനറേറ്റ് ചെയ്യാം.

ഓരോ പാസ്കീയും അതത് ഉപകരണങ്ങളിൽ സേവാകും. തുടർന്ന് അക്കൗണ്ട് സൈൻ ഔട്ട് ചെയ്തതിന് ശേഷവും അതേ ഉപകരണത്തിൽ ലോഗിൻ ചെയ്യാൻ പാസ്‌വേർഡിന്റെ ആവശ്യമില്ല. ഫോൺ അൺലോക് ചെയ്യാൻ ഉപയോഗിക്കുന്ന പാറ്റേൺ/നമ്പർ ലോക്ക്, ഫെയ്സ്/ഫിംഗർ ഡിറ്റക്ഷൻ മതിയാകും.



## ന്യായീകരണമില്ലാത്ത തീവ്രവാദ ഫണ്ടിംഗ് അവസാനിപ്പിക്കണം; പാക്കിസ്ഥാന് മുന്നറിയിപ്പുമായി ഇന്ത്യ

ന്യൂഡൽഹി: ന്യായീകരണമില്ലാത്ത തീവ്രവാദത്തിന് പണം നൽകുന്നത് അവസാനിപ്പിക്കണമെന്ന് പാക്കിസ്ഥാന് മുന്നറിയിപ്പുമായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. ഷാങ്ഹായ് സഹകരണ സംഘടനാ യോഗത്തിൽ പാക്കിസ്ഥാൻ വിദേശകാര്യമന്ത്രി ബിലാവൽ ഭൂട്ടോയുടെ സാന്നിധ്യത്തിലായിരുന്നു ഇന്ത്യൻ വിദേശകാര്യമന്ത്രിയുടെ പ്രതികരണം. തീവ്രവാദത്തിനെതിരായ നിലപാടിൽ വിട്ടുവീഴ്ചക്കില്ലെന്നാവർത്തിക്കുകയാണ് ഷാങ്ഹായ് സഹകരണ സംഘടന യോഗത്തിലും ഇന്ത്യ. രാജ്യം കൊവിഡിന്റെ വലിയ ഭീഷണി നേരിട്ടപ്പോൾ പോലും തീവ്രവാദ ഭീഷണി തുടർന്നു. തീവ്രവാദത്തെ ഒരു തരത്തിലും ന്യായീകരിക്കാനാകില്ല. അതിർത്തി കടന്നുള്ള തീവ്രവാദം അവസാനിപ്പിക്കണം. തീവ്രവാദ ഫണ്ടിംഗിന്റെ വഴികൾ കണ്ടെത്തി അടക്കണം. ഷാങ്ഹായ് സഹകരണ സംഘടനകളുടെ ഉത്തരവാദിത്വം അതാണെന്നും ജയശങ്കർ വ്യക്തമാക്കി. ഇരുരാജ്യങ്ങളും തമ്മിൽ കാലങ്ങളായി നല്ല ബന്ധത്തിലല്ലാത്തതിനാൽ ഇന്ത്യ- പാക് ഉഭയകക്ഷി ചർച്ച നടക്കാനുള്ള സാധ്യത വിരളമാണെന്നാണ് വിദേശകാര്യമന്ത്രാലയ വൃത്തങ്ങൾ നൽകുന്ന സൂചന. ഗോവക്ക് പുറപ്പെടും മുൻപ് എസ്.സി.ഒ അംഗങ്ങളുമായി ചർച്ചക്ക് പാകിസ്ഥാൻ സന്നദ്ധമാണെന്ന് വിദേശകാര്യമന്ത്രി ബിലാവൽ ഭൂട്ടോ വ്യക്തമാക്കിയിരുന്നു. പാക്കിസ്ഥാനൊപ്പം റഷ്യൻ, ചൈനീസ് വിദേശകാര്യമന്ത്രിമാരും ഗോവയിൽ നടക്കുന്ന യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. റഷ്യയുടെയും, ചൈനയുടെയും വിദേശകാര്യമന്ത്രിമാരുമായി ജയശങ്കർ കൂടിക്കാഴ്ച നടത്തി. ചൈനയുമായുള്ള അതിർത്തിയിൽ സ്ഥിരമായി സമാധാനം പുലരണമെന്ന് ചർച്ചയിൽ ഇന്ത്യ ആവശ്യപ്പെട്ടു.


ഷാങ്ഹായ് സഹകരണ സംഘടനാ യോഗത്തിൽ പങ്കെടുക്കാനെത്തിയ പാക്കിസ്ഥാൻ വിദേശകാര്യമന്ത്രി ബിലാവൽ ഭൂട്ടോയോടൊപ്പം ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ

# സംഘർഷം മുറുകി മണിപ്പൂർ; നാലുപേർ വെടിയേറ്റു മരിച്ചു

ഇംഫാൽ: പ്രബല വിഭാഗമായ മെയ്തേയിയെ പട്ടികവർഗത്തിലുൾപ്പെടുത്തിയതുമായി ബന്ധപ്പെട്ട് മണിപ്പൂരിലുണ്ടായ സംഘർഷത്തിന് അയവില്ല. ചുരാചന്ദ്പൂരിൽ സൈന്യം ഒഴിപ്പിക്കൽ നടത്തുന്നതിനിടെ നാലുപേർ വെടിയേറ്റു മരിച്ചു. പതിമൂന്നായിരം പേരെയാണ് സൈന്യം ചുരാചന്ദ്പൂരിൽ നിന്ന് ഇതുവരെ ഒഴിപ്പിച്ചത്. ഒഴിപ്പിച്ചവരെ സൈനികക്യാമ്പുകളിലേക്ക് മാറ്റി പ്പാർപ്പിക്കും. സംഘർഷം വ്യാപിച്ചതോടെ അതിർത്തി മേഖലകളിലുള്ള ആയിരത്തലധികം പേർ അസമിലേക്ക് പലായനം ചെയ്തു.ഇംഫാലിൽ ആദായനികുതി വകുപ്പ് ഉദ്യോഗസ്ഥനെ അക്രമികൾ കൊലപ്പെടുത്തിയെന്ന് എ.ആർ.എസ് അസോസിയേഷൻ അറിയിച്ചു. ആദായനികുതി വകുപ്പ് ഉദ്യോഗസ്ഥനായ ലെറ്റ്മിൻതാങ് ഹകോപിനെ അക്രമികൾ വീട്ടിൽ നിന്ന് വലിച്ചിറക്കിക്കൊണ്ടുപോയി കൊലപ്പെടുത്തുകയായിരുന്നു.അതിനിടെ, മണിപ്പൂരിൽ കുടുങ്ങിയ കേന്ദ്രസർവകലാശാലയിലെ മലയാളി വിദ്യാർഥികളിൽ ഒമ്പത് പേരെ തിങ്കളാഴ്ച നാട്ടിലെത്തിക്കും. അതേസമയം, മണിപ്പൂർ സർക്കാർ പരാജയമെന്ന് സി.പി.എം പി.ബി കുറ്റപ്പെടുത്തി. സൈന്യത്തെ നിയോഗിച്ചിട്ടുള്ളതിനാൽ സംഘർഷം കുറഞ്ഞിട്ടുണ്ടെങ്കിലും പലയിടത്തും അക്രമങ്ങൾ തുടരുകയാണെന്നും സി.പി.എം വിലയിരുത്തി. സംസ്ഥാന സർക്കാർ, സംഘർഷം കൈകാര്യം ചെയ്ത രീതിയിൽ കേന്ദ്രസർക്കാരിനും അതൃപ്തിയുണ്ട്. മണിപ്പൂരിലെ കലാപം നേരിടുന്നതിൽ സംസ്ഥാന സർക്കാരിന് വീഴ്ചയുണ്ടായെന്നതാണ് കേന്ദ്രത്തിന്റെ വിലയിരുത്തൽ. സംഘർഷസാധ്യത മുൻകൂട്ടി കാണാനോ, വേഗത്തിൽ ഇടപെടാനോ കഴിഞ്ഞില്ല. ഇടഞ്ഞു നിൽക്കുന്ന മെയ്തി, കുക്കി വിഭാഗങ്ങളെ സമാധാന ചർച്ചക്ക് വിളിച്ചില്ലെന്നതും കേന്ദ്രത്തിന് അതൃപ്തിക്ക് കാരണമായിട്ടുണ്ട്. അനുച്ഛേദം 355 പ്രകാരം സംസ്ഥാനത്ത് ക്രമസമാധാന ചുമതല കേന്ദ്രം ഏറ്റെടുത്തിട്ടുണ്ട്.


മണിപ്പൂരിൽ ഇംഫാലിലെ സംഘർഷത്തിൽ നിന്ന്

## കർണാടക തെരഞ്ഞെടുപ്പിന് മൂന്നുനാൾ മാത്രം; അവസാന തന്ത്രങ്ങൾ മെനഞ്ഞ് ബി.ജെ.പിയും കോൺഗ്രസും

ബംഗളൂരു: കർണാടകയിൽ തെരഞ്ഞെടുപ്പിന് മൂന്നുനാൾ മാത്രം ശേഷിക്കെ വിജയം ഉറപ്പിക്കാനുള്ള അവസാന തന്ത്രങ്ങൾ ആവിഷ്കരിക്കുകയാണ് രാഷ്ട്രീയ പാർട്ടികൾ. കോൺഗ്രസ് പ്രചാരണത്തിൽ മുന്നേറിയ സാഹചര്യത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയിലൂടെ മേൽക്കൈ നേടാനാണ് ബി.ജെ.പിയുടെ ശ്രമം. അഴിമതിയും വിലക്കയറ്റവും വർഗീയതയും കർഷകവിരുദ്ധ നയങ്ങളും കൊണ്ട് ഭരണവിരുദ്ധവികാരം അലയടിക്കുന്ന കന്നടമണ്ണിൽ പരമാവധി വോട്ടുകൾ നേടാൻ പ്രധാന രാഷ്ട്രീയ പാർട്ടികൾ കിണഞ്ഞു പരിശ്രമിക്കുകയാണ്.


ദേശീയ നേതാക്കളെ കൂടുതൽ സമയം പ്രചാരണത്തിന് ഇറക്കി വോട്ട് ഉറപ്പിക്കാനാണ് ബി.ജെ.പിയും കോൺഗ്രസും ശ്രമിക്കുന്നത്. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നും നാളേയും ബംഗളൂരു നഗരത്തിൽ മരത്തോൺ റോഡ് ഷോ സംഘടിപ്പിക്കും. ആദ്യ ദിവസം 10 കിലോമീറ്ററും രണ്ടാം ദിവസം 26 കിലോമീറ്ററുമാണ് മോദിയുടെ റോഡ് ഷോ. പ്രധാനമന്ത്രിയെ രാവും പകലും കളത്തിലിറക്കി ആവേശവും മതവികാരവും വോട്ടാക്കി മാറ്റാനാണ് ബി. ജെ. പി ശ്രമം.കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലും ലോക്സഭാ തെരഞ്ഞെടുപ്പിലും രാഹുൽ ഗാന്ധിയായിരുന്നു കോൺഗ്രസിന്റെ താരപ്രചാരകൻ.

ഇത്തവണ പ്രിയങ്കയാണ് പ്രചാരണത്തിന് ചുക്കാൻ പിടിക്കുന്നത്. ഹിമാചൽ തെരഞ്ഞെടുപ്പിൽ പ്രിയങ്ക ചെലുത്തിയ സ്വാധീനം കണക്കിലെടുത്താണ് കർണാടകയിൽ പ്രിയങ്കയെ ഇറക്കുന്നത്. പ്രിയങ്കയിലേക്ക് വ്യക്തിപരമായി രോഷം തിരിച്ചുവിടാനാവില്ല എന്നത് ബി.ജെ.പി യെ വലക്കുന്നുണ്ട്. പ്രിയങ്കയുടെ റാലികളിൽ സ്ത്രീകളുടെ വൻ സാന്നിധ്യം പ്രകടമാണ്. കോൺഗ്രസ് പ്രചാരണ വേദികളിൽ ഇന്ന് സോണിയാ ഗാന്ധി എത്തും. ഹൂബ്ലിയിലാണ് ആദ്യ പരിപാടി. രാഹുൽ ഗാന്ധിയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രചാരണം തുടരുന്നുണ്ട്. എ.ഐ.സി.സി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, വിവിധ സംസ്ഥാനങ്ങളിലെ മുതിർന്ന കോൺഗ്രസ് നേതാക്കളും പ്രചാരണത്തിൽ സജീവമാണ്.

പ്രകടന പത്രികയിലെ ആറു വാഗ്ദാനങ്ങൾ ഉയർത്തിക്കാട്ടിയാണ് കോൺഗ്രസ് പ്രചാരണം. 40% കമ്മീഷൻ ആരോപണം സജീവ ചർച്ചയാക്കാൻ കഴിഞ്ഞതിന്റെ ആത്മവിശ്വാസത്തിലാണ് കോൺഗ്രസ്.ബി.ജെ.പി ദേശീയ അദ്ധ്യക്ഷൻ ജെ.പി നദ്ദ, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉൾപ്പെടെയുള്ള നേതാക്കൾ കർണാടകയിൽ ക്യാമ്പ് ചെയ്താണ് പ്രചാരണം ഏകോപിപ്പിക്കുന്നത്. അധികാരം ലഭിച്ചാൽ കോൺഗ്രസ് കർണാടകയെ മുസ്ലിം വൽക്കരിക്കുമെന്ന് ഉൾപ്പെടെ തീവ്ര പ്രചാരണങ്ങളും ബി.ജെ.പി നടത്തുന്നുണ്ട്. ബജ്റംഗ്ദളിനെ നിരോധിക്കുമെന്ന കോൺഗ്രസ് പ്രഖ്യാപനവും ബി.ജെ.പി സജീവ ചർച്ചയാക്കുന്നുണ്ട്. കർഷക വികാരത്തിലും മുസ്ലിം വോട്ടുകളിലുമാണ് ജെ.ഡി.എസ് പ്രതീക്ഷ. പ്രചാരണം സജീവമാക്കി നിർണായക ശക്തിയായി മാറാനുള്ള ശ്രമത്തിലാണ് ജെ.ഡി.എസ്.


## ലോകത്താദ്യമായി ഗർഭസ്ഥ ശിശുവിന് മസ്തിഷ്ക ശസ്ത്രക്രിയ ചെയ്ത് യു.എസ്

വാഷിങ്ടൺ: ലോകത്താദ്യമായി ഗർഭസ്ഥ ശിശുവിന് മസ്തിഷ്ക ശസ്ത്രക്രിയ ചെയ്ത് ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ് യു. എസിലെ ഡോക്ടർമാർ. ബ്രിഗാം ആൻഡ് വിമൻസ് ഹോസ്പിറ്റലിലും ബോസ്റ്റൺ ചിൽഡ്രൻസ് ഹോസ്പിറ്റലിലും ആണ് 34 ആഴ്ച പ്രായമുള്ള ഗർഭസ്ഥ ശിശുവിന് ശസ്ത്രക്രിയ നടന്നത്. വീനസ് ഓഫ് ഗാലൻ മാൽഫോർമേഷൻ എന്നറിയപ്പെടുന്ന അവസ്ഥയായ ഗർഭസ്ഥ ശിശുക്കളുടെ തലച്ചോറിനുള്ളിലെ രക്തക്കുഴലുകളുടെ തകരാറ് പരിഹരിക്കാനാണ് ശസ്ത്രക്രിയ നടന്നത്. ഗർഭത്തിന്റെ ആദ്യ മാസങ്ങളിൽ കുഞ്ഞിന് ആരോഗ്യപ്രശ്നങ്ങളൊന്നും കണ്ടെത്തിയിരുന്നില്ല. പതിവ് അൾട്രാസൗണ്ട് പരിശോധനയിലാണ് തലച്ചോറിനുള്ളിലെ രക്തക്കുഴലുകളുടെ തകരാറ് കണ്ടത്തിയത്. കുഞ്ഞിന്റെ തലച്ചോറിൽ നിന്ന് ഹൃദയത്തിലേക്ക് രക്തം വഹിച്ചുകൊണ്ടുപോകുന്ന രക്തക്കുഴലുകൾ ശരിയായി വികസിച്ചിരുന്നില്ല. ഇതുമൂലം സിരകളിലും ഹൃദയത്തിലും രക്തത്തിന്റെ അമിതമായ അളവ് സമ്മർദമുണ്ടാക്കുകയും മറ്റ് ആരോഗ്യപ്രശ്നങ്ങളിലേക്ക് നയിക്കുകയും ചെയ്തു. രക്തത്തിന്റെ ഒഴുക്ക് നിയന്ത്രിക്കാൻ സാധാരണയായി കുഞ്ഞ് ജനിച്ച ശേഷം ചെറിയ കോയിലുകൾ തിരുകാൻ ഒരു കത്തീറ്റർ ഉപയോഗിച്ചാണ് ചികിത്സിക്കുന്നത്. പലപ്പോഴും വൈകിയാണ് ചികിത്സ ലഭിക്കുക. കുഞ്ഞ് ജനിച്ച ശേഷം മസ്തിഷ്കത്തിന് പരുക്കുകളും ഹൃദയത്തിന് തകരാറുകളും കണ്ടെത്തുന്നത് വലിയ വെല്ലുവിളിയാണെന്ന് ബോസ്റ്റൺ ചിൽഡ്രൻസ് ഹോസ്പിറ്റലിലെ ഡോ. ഡാരൻ ഒബ്രാച്ച് പറയുന്നു.



# ചാൾസ് മൂന്നാമന്റെ കിരീടധാരണം ഇന്ന്; ഹാരിയും മക്കളും പങ്കെടുക്കും

ലണ്ടൻ: എഴുപത് വർഷം ബ്രിട്ടനെ നയിച്ച എലിസബത്ത് രാജ്ഞിയുടെ മരണത്തോടെ ചാൾസ് മൂന്നാമൻ രാജാവിന്റെ കിരീടധാരണത്തിനൊരുങ്ങി ബ്രിട്ടൻ. ലണ്ടനിലെ വെസ്റ്റ് മിനിസ്റ്റർ ആബേയിലാണ് 1000 ത്തിലധികം വർഷം പഴക്കമുള്ള ആചാരപ്പെരുമകളോടെ കിരീടധാരണ ചടങ്ങുകൾ നടക്കുക. എഴുപത് വർഷത്തിനിടെ ആദ്യമായി നടക്കുന്ന ചടങ്ങുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച നാലു ലക്ഷം പേർക്ക് കിരീട ധാരണ മെഡൽ സമ്മാനിക്കും. എലിസബത്ത് രാജ്ഞിയുടെ മരണ ശേഷം ചാൾസ് മൂന്നാമൻ യു. കെയുടെയും മറ്റ് പതിനാല് മേഖലകളുടെയും അധിപനായി ചുമതലയേറ്റിരുന്നു. രാജപദവിയിൽ എത്തുന്ന ഏറ്റവും പ്രായം കൂടിയ ആളാണ് ചാൾസ് മൂന്നാമൻ. കിരീടധാരണ ചടങ്ങിൽ ചാൾസ് നിയമത്തേയും ചർച്ച് ഓഫ് ഇംഗ്ലണ്ടിനേയും ഉയർത്തിപ്പിടിക്കുമെന്ന പ്രതിജ്ഞ ചൊല്ലും. എഡ്വേഡ് രാജാവിന്റെ കസേരയെന്നറിയപ്പെടുന്ന സ്റ്റോൺ ഓഫ് ഡെസ്റ്റിനിയെന്ന സിംഹാസനത്തിൽ അദ്ദേഹം ഇരിക്കും. കാന്റർബെറി ആർച്ച് ബിഷപ്പ് വിശുദ്ധ തൈലം കൊണ്ട് രാജാവിനെ അഭിഷേകം ചെയ്ത ശേഷം രാജകിരീടം തലയിൽ ചൂടിക്കും. തുടർന്ന് കാമിലയെ രാജ്ഞിയായി വാഴിക്കുന്ന ചടങ്ങും നടത്തും. രാഷ്ട്രത്തിന്റെ ഔദ്യോഗിക ചടങ്ങുകളിൽ ബ്രിട്ടീഷ് പ്രധാനമന്ത്രി ബൈബിൾ പാരായണം നടത്തുകയെന്ന സമീപകാല പാരമ്പര്യത്തിന്റെ ഭാഗമായി ഋഷി സുനക് ചടങ്ങിൽ ബൈബിൾ പാരായണം നടത്തും. നൂറ് രാഷ്ട്രത്തലവന്മാർക്കാണ് ചടങ്ങിൽ പങ്കെടുക്കാൻ ക്ഷണം ലഭിച്ചിരിക്കുന്നത്. ഉറ്റബന്ധുക്കളും സുഹൃത്തുക്കളും ലോകരാഷ്ട്രനേതാക്കളുമുൾപ്പെടെ 2000ത്തോളം അതിഥികൾ പങ്കെടുക്കുന്ന കിരീട ധാരണ ചടങ്ങിൽ ചാൾസ് മൂന്നാമൻ രാജാവിന്റെ മകൻ ഹാരിയുടെ ഭാര്യ മേഗൻ പങ്കെടുക്കില്ല. ഹാരിയും മക്കളായ ആർച്ചിയും ലിലിബെറ്റും പങ്കെടുക്കുമെന്ന് ബക്കിങ്ഹാം കൊട്ടാരത്തിൽ നിന്ന് അറിയിച്ചു. ഇന്ത്യയുടെ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ചടങ്ങിൽ പങ്കെടുക്കാനായി ലണ്ടനിലെത്തി.




# രാജാസ്ഥാനെ ക്ലീൻ ബൗൾഡാക്കി ഗുജറാത്ത്

## രാജസ്ഥാൻ റോയൽസിനെ ഒമ്പത് വിക്കറ്റിന് പരാജയപ്പെടുത്തി ഗുജറാത്ത് ടൈറ്റൻസ്



ജയ്പൂർ: ഹോംഗ്രൗണ്ടിൽ രാജസ്ഥാൻ റോയൽസിന് നാണംക്കെട്ട തോൽവി. ഒമ്പത് വിക്കറ്റിനാണ് ഗുജറാത്ത് റോയൽസിനെ പരാജയപ്പെടുത്തിയത്. പേരുകേട്ട റോയൽസിന്റെ ബാറ്റ്സ്മാൻമാർ ഗുജറാത്ത് ബൗളർമാർക്ക് മുന്നിൽ മുട്ടുകുത്തുന്ന കാഴ്ചയാണ് കഴിഞ്ഞ ദിവസം കാണാൻ കഴിഞ്ഞത്.

പോയിന്റ് പട്ടികയിൽ ഒന്നാം സ്ഥാനത്തേക്ക് തിരിച്ചെത്താനുള്ള സുവർണാവസരമാണ് സഞ്ജുവും കൂട്ടരും കളഞ്ഞുകുളിച്ചത്. ടോസ് നേടി ആദ്യം ബാറ്റ് ചെയത് റോയൽസ് 17.5 ഓവറിൽ 118 റൺസിന് ഓൾ ഔട്ടായി.

30 റൺസെടുത്ത ക്യാപ്റ്റൻ സഞ്ജു സാംസനാണ് റോയൽസിന്റെ ടോപ്സ്കോറർ. യശസ്വി ജയ്സ്വാൾ(14), ജോസ് ബട്ലർ(8), ദേവ്ദത്ത് പടിക്കൽ (12), രവിചന്ദ്രൻ അശ്വിൻ(2), റിയാൻ പരാഗ്(4), ഷിമ്രോൺ ഹെറ്റ്മെയർ(7), ധ്രുവ് ജുറെൽ(9), ട്രെന്റ് ബോൾട്ട്(15), ആദം സാംപ(7), സന്ദീപ് ശർമ്മ(2*) എന്നിങ്ങനെയായിരുന്നു മറ്റ് താരങ്ങളുടെ സ്കോറുകൾ.

ഗുജറാത്ത് ടൈറ്റൻസിനായി റാഷിദ് ഖാൻ മൂന്നും നൂർ അഹമ്മദ് രണ്ടും ക്യാപ്റ്റൻ ഹാർദിക് പാണ്ഡ്യയും പേസർമാരായ മുഹമ്മദ് ഷമിയും ജോഷ ലിറ്റിലും ഓരോ വിക്കറ്റും നേടി. നാല് ഓവറിൽ വെറും 14 റൺസ് മാത്രമാണ് റാഷിദ്ഖാൻ വഴങ്ങിയത്.

മറുപടി ബാറ്റിങ്ങിൽ 36 റൺസെടുത്ത ശുഭ്മാൻ ഗില്ലിന്റെ വിക്കറ്റ് മാത്രമേ റോയൽസിന് വീഴ്ത്താൻ കഴിഞ്ഞുള്ളൂ. ചാഹലാണ് ഗില്ലിനെ പുറത്താക്കിയത്. 41 റൺസുമായി വൃദ്ധിമാൻ സാഹയും 39 റൺസുമായി ക്യാപ്റ്റൻ ഹാർദിക് പാണ്ഡ്യയും പുറത്താകാതെ നിന്നു.

നിശ്ചിത 13.5 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ ഗുജറാത്ത് ലക്ഷ്യംകണ്ടു. റാഷിദ് ഖാനാണ് കളിയിലെ താരം. ജയത്തോടെ 10 മത്സരങ്ങളിൽ 14 പോയിന്റുമായി ഗുജറാത്ത് പോയിന്റ് ടേബിളിൽ മുന്നിലെത്തി. അതേസമയം 10 മത്സരങ്ങളിൽ നിന്ന് 10 പോയിന്റുള്ള രാജസ്ഥാൻ റോയൽസ് നാലാമതാണ്.

രാജസ്ഥാന്റെ ആർ.ആശ്വിന്റെ വിക്കറ്റ് വീഴ്ത്തിയ ഗുജറാത്ത് ടൈറ്റൻസ് താരം റാഷിദ്ഖാന്റെ ആഹ്ലാദ പ്രകടനം

## സാമുദായിക സൗഹാർദം തകർക്കുന്നവർക്കെതിരേ ജനങ്ങൾ ഒന്നിക്കണം: ഡോ. ഹുസൈൻ മടവൂർ



കോഴിക്കോട്: പരസ്പരം സ്നേഹിച്ചും ബഹുമാനിച്ചും ജീവിച്ച് പോരുന്ന സമുദായങ്ങൾക്കിടയിൽ കളവുകൾ പ്രചരിപ്പിച്ച് സൗഹാർദം തകർക്കാനുള്ള തൽപര കക്ഷികൾ നടത്തുന്ന കുത്സിത പ്രവർത്തനങ്ങൾക്കെതിരേ ജനങ്ങൾ ഒന്നിക്കണമെന്ന് കോഴിക്കോട് പാളയം ചീഫ് ഇമാം ഡോ.ഹുസൈൻ മടവൂർ ആവശ്യപ്പെട്ടു. പാളയം പള്ളിയിൽ നടത്തിയ ജുമുഅ ഖുതുബാ പ്രഭാഷണത്തിലാണ് ഇമാം ഡോ. മടവൂർ ഇക്കാര്യം ആവശ്യപ്പെട്ടത്. ഇസ്ലാമിനും മുസ്ലിം സമുദായത്തിന്നുമെതിരേ കളവുകൾ നിരത്തി നിർമിച്ച 'കേരളാ സ്റ്റോറി' എന്ന സിനിമയിലുള്ളത് കേരള ചരിത്രമല്ല. കേരളത്തിന് മൊത്തം അപമാനം വരുത്തി വെക്കുന്നതാണീ സിനിമ. കേരളത്തിന്റെ ചരിത്രവും വർത്തമാനവും മതസൗഹാർദത്തിലധിഷ്ഠിതമാണ്. കോഴിക്കോട്ടെ സാമൂതിരി രാജാവും മുസ്ലിം ഖാസിമാരും തമ്മിലുള്ള ഊഷ്മളമായ ബന്ധം പ്രസിദ്ധമാണ്. ഇന്നും അവരുടെ പിൻമുറക്കാർ അത് നിലനിർത്തിപ്പോരുന്നു. ഇസ്ലാമിനേയും മുസ്ലിംകളെയും സ്നേഹിക്കുന്ന സാമൂതിരി രാജാവിന് വേണ്ടി പ്രാർത്ഥിക്കണമെന്ന് ഖാസി മുഹമ്മദ് തന്റെ അൽ ഫത്ഹുൽ മുബീൻ എന്ന വിഖ്യാതമായ അറബി കാവ്യഗ്രന്ഥത്തിൽ മുസ്ലിംകളോടാഹ്വാനം ചെയ്തിട്ടുണ്ട്. ചാലിയം കോട്ട തിരിച്ച് പിടിക്കാനായി സാമൂതിരിയുടെ കരസൈന്യവും കുഞ്ഞാലി മരക്കാരുടെ നാവിക സൈന്യവും പദ്ധതികളാവിഷ്കരിച്ചത് മിഷ്ക്കാൽ പള്ളിയിൽ യോഗം ചേർന്നാണ്. അങ്ങനെയാണ് ചാലിയം കോട്ട തിരിച്ചുപിടിച്ചത്. ഇവിടത്തെ ഹിന്ദുക്കളും മുസ്ലിംകളും ക്രിസ്ത്യാനികളും ഇന്നാട്ടുകാർ തന്നെയാണ്, പുറമെ നിന്ന് വന്നവരല്ല. ഇവിടെ ജനിച്ച അവർക്കെല്ലാം ഇവിടെ സമാധാനത്തോടെ ജീവിക്കാൻ അവസരമുണ്ടാവണം. ആരുടെയും മതത്തെയും വിശ്വാസത്തെയും പരിഹസിക്കാനോ അവമതിക്കാനോ പാടില്ല. അതിനാൽ 'കേരള സ്റ്റോറി' എന്ന വിഷലിപ്തമായ സിനിമ ബഹിഷ്കരിക്കുകയും നിരോധിക്കുകയും ചെയ്യണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## അഷ്കറിന്റെ പ്രതീക്ഷകൾക്ക് ചിറകായി ഇലക്ട്രോണിക് വീൽചെയർ

തലശ്ശേരി: ചക്രക്കസേരയിൽ എട്ടാം ക്ലാസുകാരനായ മകന്റെ സഹായത്തോടെയാണ് കതിരൂർ വേറ്റുമ്മലെ അഷ്കർ തലശ്ശേരി താലൂക്കുതല അദാലത്തിൽ എത്തിയത്. കാത്തിരുന്ന് മന്ത്രി കെ. രാധാകൃഷ്ണനെ കണ്ടതോടെ ആവശ്യപ്പെട്ടത് ഒരു കാര്യം മാത്രം. പരസഹായമില്ലാതെ വീടിന് പുറത്തേക്കിറങ്ങി ലോട്ടറി വിൽപ്പന നടത്താൻ ഒരു ഇലക്ട്രോണിക് വീൽചെയർ വേണം. പ്രയാസം മനസിലാക്കിയ മന്ത്രി കെ. രാധാകൃഷ്ണൻ ഉടൻ ഇലക്ട്രോണിക് വീൽചെയർ നൽകാൻ ഉത്തരവിട്ടു. ഇനി സർക്കാർ സമ്മാനിച്ച ചിറകുമായി അഷ്ക്കർ സ്വപ്നത്തിലേക്ക് പറന്നുയരും. 18 വർഷം മുമ്പാണ് പെയിന്റിങ് തൊഴിലാളിയായ അഷ്കറിന്റെ ജീവിതം മാറി മറിഞ്ഞത്. ജോലിക്കിടെ ഷോക്കേറ്റ് കെട്ടിടത്തിൽ നിന്നും വീണ് ശരീരം അരക്ക് താഴെ തളർന്നു. വലത് കൈയുടെ സ്വാധീനവും നഷ്ടപ്പെട്ടു. ഏറെക്കാലത്തെ ചികിത്സക്ക് ശേഷം ജീവിതം വീടിന്റെ അകത്തളങ്ങളിൽ ഒതുങ്ങി. വീൽചെയറുണ്ടെങ്കിലും പരസഹായമില്ലാതെ പുറത്തിറങ്ങാനാകാത്ത അവസ്ഥ. ഇതോടെയാണ് ഇലക്ട്രോണിക് വീൽചെയറിനായുള്ള അപേക്ഷയുമായി അദാലത്തിൽ എത്തിയത്. 1,27,000 രൂപയുടെ ചക്രക്കസേരയാണ് വികലാംഗ ക്ഷേമ കോർപ്പറേഷനുമായി ബന്ധപ്പെട്ട് ജില്ലാ സാമൂഹ്യനീതി വകുപ്പ് നൽകുക. ഇത് ലഭിക്കുന്നതോടെ സ്വന്തമായി വരുമാനം കണ്ടെത്താം എന്ന സന്തോഷത്തിലാണ് ഈ 42കാരൻ. ഭാര്യയും രണ്ട് കുട്ടികളുമടങ്ങുന്ന കുടുംബം ബന്ധുക്കളുടെ സഹായത്തോടെയാണ് കഴിയുന്നത്.



തലശ്ശേരി താലൂക്കുതല അദാലത്തിൽ മകനോടൊപ്പം പങ്കെടുക്കാനെത്തിയ അഷ്കർ

## ശാസ്ത്രീയമായ പരിപാലനമുറകളിലൂടെ കാട വളർത്തൽ ആദായകരമാക്കാം

കുറഞ്ഞ മുതൽമുടക്കിൽ കൂടുതൽ ആദായം നേടിത്തരുന്ന കാടവളർത്തലിന് കേരളത്തിൽ ഏറെ പ്രചാരം ലഭിച്ചു കഴിഞ്ഞു. ശ്വാസകോശ രോഗങ്ങൾക്ക് കാടമുട്ടയും ഇറച്ചിയും വളരെ ആശ്വാസം നൽകുന്നതായി അനുഭവസ്ഥർ പറയുന്നു. ഹ്രസ്വ ജീവിതചക്രവും കുറഞ്ഞ തീറ്റച്ചെലവുമാണ് കാടപ്പക്ഷിയുടെ പ്രത്യേകതകൾ. മുട്ട വിരിയുന്നതിന് 16 മുതൽ 18 ദിവസങ്ങൾ മതിയാകും. വലിപ്പംകുറവായതിനാൽ ഇവയെ വളർത്താൻ കുറച്ചു സ്ഥലം മതി. ടെറസ്സിലും വീടിന്റെ ചായ്പിലും ഇവയെ വളർത്താം. ഒരു കോഴിക്കാവശ്യമായ സ്ഥലത്ത് 8-10 കാടകളെ വളർത്താൻ സാധിക്കും. ആറാഴ്ച പ്രായമാകുമ്പോൾ മുട്ടയിട്ടു തുടങ്ങുന്നു. മാംസത്തിനു വേണ്ടി വളർത്തുന്നവയെ 5-6 ആഴ്ച പ്രായത്തിൽ വിപണിയിലിറക്കാം. വർഷത്തിൽ 300-ഓളം മുട്ടകൾ ലഭിക്കും. മാംസവും മുട്ടയും ഔഷധഗുണമുള്ളതും പോഷക സമൃദ്ധവുമാണ്. മാത്രമല്ല മറ്റ് വളർത്തു പക്ഷികളെക്കാൾ രോഗങ്ങൾ കുറവാണ്.

**ഇനങ്ങൾ**

ജാപ്പനീസ് കാടകൾക്ക് പുറമേ, സ്റ്റബിൾബോബ് വൈറ്റ്, ഫാറൊ ഈസ്റ്റേൺ തുടങ്ങിയ ഇനങ്ങളുണ്ട്. ഇറച്ചിയ്ക്കും മുട്ടയ്ക്കും വേണ്ടി വളർത്തുന്ന വെവ്വേറെ ഇനങ്ങളേയും ഇന്ന് വികസിപ്പിച്ചെടുത്തിട്ടുണ്ട്. കാടകളെ ഡീപ്പ് ലിറ്റർ സമ്പ്രദായത്തിലും കേജ് സമ്പ്രദായത്തിലും വളർത്താം.

**1. ഡീപ്പ് ലിറ്റർ സമ്പ്രദായം**

ഷെഡിലെ സിമന്റ് തറയിൽ ഈർപ്പമില്ലാത്ത ലിറ്റർ 8-10 സെ.മീ ഘനത്തിൽ വിരിച്ച് കാടകളെ വളർത്താം. ഒരു കാടയ്ക്ക് 200-250 ചതുരശ്ര സെ.മീ സ്ഥലം വേണം. 200ചതുരശ്ര അടി വിസ്തീർണമുള്ള ഷെഡിൽ 900 കാടകളെ വളർത്താം. വായുസഞ്ചാരം ലഭിക്കാൻ വശങ്ങളിൽ കമ്പിവലകൾ ഘടിപ്പിക്കണം. കൂടിനുള്ളിൽ അഞ്ചടി ഉയരത്തിൽ നൈലോൺ വല വിരിയ്ക്കുന്നത് കാടകൾ പറന്നുയർന്ന് മേൽക്കൂരയിലും വശങ്ങളിലും ഇടിച്ചു ചാവുന്നത് തടയും, ഒരു കാടയ്ക്ക് മൂന്ന് സെ.മീ തീറ്റസ്ഥലവും 15 സെ.മീ വെള്ളസ്ഥലവും വേണം.

**2. കേജ് സമ്പ്രദായം**

കമ്പിവലക്കൂടുകൾക്കുള്ളിൽ നിരവധി തട്ടുകളായി കാടകളെ വളർത്തുന്നു. 25 കാടകൾക്ക് 60ഃ 60ത 25 സെ.മീ വലിപ്പമുള്ള കൂടും 50 കാട കൾക്ക് 60 ത 120 ഃ 25 സെ.മീ കൂടും വേണം, ഇത്തരം കുടുകൾ ആറിഞ്ച്അകലത്തിൽ ഒന്നിനുമുകളിൽ ഒന്നായി ഉറപ്പിക്കാം. കാഷ്ഠം ശേഖരിക്കുന്നതിന് തട്ടുകൾക്കിടയിൽ പ്ലാസ്റ്റിക് ചാക്കുകൾ വിരിച്ചാൽ മതിയാവും.

**3. മുട്ടയുൽപ്പാദനം**

പെൺകാടകൾ 6-7 ആഴ്ച പ്രായത്തിൽ മുട്ടയിട്ടു തുടങ്ങും. എട്ട് ആഴ്ച പ്രായം മുതൽ 25 ആഴ്ച പ്രായം വരെയുള്ള സമയം മുട്ടയുൽപാദനത്തിന്റെ ഉന്നത സമയമാണ്. കാടപ്പക്ഷികൾ സാധാരണയായി വൈകീട്ട് മൂന്ന് മണി മുതൽ ആറു മണി വരെയുള്ള സമയത്താണ് 75 ശതമാനവും മുട്ടയിടുന്നത്. 25ശതമാനം രാത്രികാലങ്ങളിലും ഇടുന്നു. ഒരു വർഷത്തിൽ 250-300 മുട്ടകൾ വരെ ലഭിക്കും. 8-12 മാസം വരെ മുട്ടയുൽപാദനം തുടരും. മുട്ടകൾക്ക് 8-10 ഗ്രാം വരെ തൂക്കമുണ്ടാകും.

**4. കാടമുട്ടകൾ അട വയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്**

അടയിരിക്കുന്ന സ്വഭാവം കാടകൾക്കില്ല. അതിനാൽ കൃത്രിമമായി വിരിയിച്ചെടുക്കുകയോ അടയിരിക്കുന്ന കോഴികളെ ഉപയോഗിച്ച് മുട്ട വിരിയിച്ചെടുക്കുകയോ



ചെയ്യണം. കാടമുട്ടകൾ 16-18 ദിവസം കൊണ്ട് വിരിയും. ഏത് കാലാവസ്ഥയിലും ഏതവസരത്തിലും കാടമുട്ടകൾ വിരിയിച്ചെടുക്കാം. എന്നാൽ അടവയ്ക്കാനായി മുട്ടകൾ ശേഖരിക്കുമ്പോൾ ചിലകാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. 10 മുതൽ 23 ആഴ്ച വരെ പ്രായമുള്ള പിടകളുടെ മുട്ട കളാണ് വിരിയിക്കുന്നതിനായി ശേഖരിക്കേണ്ടത്. മൂന്നോ അതിൽ കുറവോ പിടകൾക്ക് ഒരു പൂവൻ എന്ന അനുപാതത്തിൽ പ്രജനനം നടത്തുന്ന കൂട്ടിൽ നിന്നും എടുക്കുന്ന മുട്ടകൾക്ക് വിരിയുന്നതിനുള്ള ശേഷി കൂടുതലായിരിക്കും. പിടകളുടെ ഇടയിൽ ഒരു പൂവനെ വിട്ടാൽ നാലുദിവസം കഴിഞ്ഞതിനു ശേഷം ലഭിക്കുന്ന മുട്ടകളും പൂവനെ മാറ്റുകയാണെങ്കിൽ അതിനു ശേഷം മൂന്ന് ദിവസത്തിനുള്ളിൽ കിട്ടുന്ന മുട്ടകളുമാണ് വിരിയിക്കുന്നതിന് നല്ലത്. പ്രജനനത്തിനായി വളർത്തുന്ന കാടകൾക്ക് പ്രത്യേകം പോഷകാഹാരം നൽകണം. മുട്ട ശേഖരിച്ചു കഴിഞ്ഞാൽ ഏഴുദിവസത്തിനുള്ളിൽ തന്നെ അവ അടവയ്ക്കേണ്ടതാണ്.

**5. കുഞ്ഞുങ്ങളുടെ പരിചരണം ( ബ്രൂഡിംഗ്)**

വിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങൾക്ക് അന്തരീക്ഷത്തിലെ ചൂട് മതിയാവുകയില്ല. കുഞ്ഞുങ്ങൾക്ക് മൂന്നാഴ്ച പ്രായം വരെ കൃത്രിമ ചൂട് നൽകുന്നതിനെ ബ്രൂഡിംഗ് എന്ന് പറയുന്നു. ചൂട് നൽകുന്നതിനുള്ള സംവിധാനമാണ് ബ്രൂഡർ. സാധാരണ 100 കാടക്കുഞ്ഞുങ്ങൾക്ക് ചൂട് നൽകുന്നതിന് 60 വാട്ടിന്റെ ഒരു ഇലക്ട്രിക് ബൾബ് ഉപയോഗിക്കാം.

**6. കാടത്തീറ്റയും തീറ്റക്രമവും**

കാട വളർത്തലിൽ മൊത്തം ചിലവിന്റെ 10 ശതമാനം തീറ്റയ്ക്കാണ് ചെലവാകുക. സമീകൃതാഹാരം നൽകേണ്ടതിനാൽ സ്റ്റാർട്ടർ തീറ്റയിൽ 27 ശതമാനം മാംസ്യവും 27 ശതമാനം കലോറിയും വേണം. ഗ്രോവർ തീറ്റയിൽ 24 ശതമാനം മാംസ്യവും ലേയർ തീറ്റയിൽ 22 ശതമാനം മാംസ്യവും വേണം. മുട്ടയിടാൻ ആരംഭിക്കുന്ന കാടകൾക്ക് തീറ്റയിൽ കക്കപ്പൊടി ചേർത്ത് നൽകുന്നത് നല്ല കട്ടിയുള്ള തോടോടു കൂടിയ മുട്ട ലഭിക്കുന്നതിനു സഹായിക്കും. ക്വയിൽ ലേയർമാഷ് തീറ്റയിൽ കക്കപ്പൊടി അടങ്ങിയിട്ടുള്ളതിനാൽ കക്കപ്പൊടി കൊടുക്കേണ്ട കാര്യമില്ല. ഏത് ബ്രാന്റ് തീറ്റ നൽകുന്നുവോ അത് തന്നെ തുടരുന്നതാണ് നല്ലത്. ഇടയ്ക്കിടെ തീറ്റ മാറ്റുന്നത് ഉൽപാദനത്തെ ബാധിക്കും. ഒരു കാട അഞ്ചാഴ്ച വരെ 400 ഗ്രാം തീറ്റയും പിന്നീട് ദിവസം 25 ഗ്രാം എന്ന കണക്കിൽ ഒരു വർഷം 8 കി.ഗ്രാം തീറ്റയും കഴിയ്ക്കാറുണ്ട്.

**7. രോഗങ്ങൾ-പ്രതിരോധമാർഗങ്ങൾ**

കാലാവസ്ഥാ വ്യതിയാനം കാരണം ആദ്യത്തെ രണ്ടാഴ്ചക്കാലം മരണനിരക്ക് കൂടുതലായി കണ്ടു വരുന്നു. അതിനാൽ രണ്ടാഴ്ചയ്ക്ക് മുകളിൽ പ്രായമുള്ളവയെ വാങ്ങി വളർത്തുന്നതാണ് ഉചിതം. ശുചിത്വമാണ് രോഗങ്ങളെ അകറ്റി നിർത്താനുള്ള പ്രധാന ഘടകം. കൂട്ടിൽ നല്ല വായു സഞ്ചാരവും വൃത്തിയും ഉണ്ടായിരിക്കണം. തീറ്റപ്പാത്രവും വെള്ളപ്പാത്രവും വൃത്തിയായി സൂക്ഷിക്കണം. വെള്ളം വീണ് ലിറ്റർ നനയാതെ സൂക്ഷിക്കണം. കോഴികളിൽ മാരകമായി കണ്ടുവരുന്ന കോഴിവസന്ത, രക്താതിസാരം എന്നീ രോഗങ്ങൾ കാടകളിൽ അപൂർവ്വമായിട്ടേ കാണാറുള്ളു.

**കാടകളെ ബാധിക്കുന്ന രോഗങ്ങൾ**

1. ബ്രൂഡർ ന്യൂമോണിയ

കാടക്കുഞ്ഞുങ്ങളെ സാധാരണയായി ബാധിക്കുന്ന ഒരു രോഗമാണിത്. ബ്രൂഡറിലെ ജലാംശം കൂടുമ്പോൾ "ആസ്പർജില്ലസ്" എന്ന പൂപ്പൽ രോഗാണു വളർന്നാണ് രോഗബാധയുണ്ടാകുന്നത്. ശ്വാസകോശത്തെ ബാധിക്കുന്ന ഈ രോഗം നിമിത്തം കുഞ്ഞുങ്ങൾ ചത്തുപോകുന്നു. ബ്രൂഡറിലെ ജലാംശം കുറച്ചുംതീറ്റയിൽ പൂപ്പൽ വളർച്ച തടയുന്നതിന് കാത്സ്യം പ്രൊപ്പിയയോണേറ്റ് ചേർത്തും ഈ രോഗം തടയാം.

**2. ക്വയിൽ രോഗം**

വെള്ള നിറത്തിലുള്ള വയറിളക്കം രോഗലക്ഷണം. കൂട്ട മരണം സംഭവിക്കുന്ന ഒരു ബാക്ടീരിയൽ രോഗമാണിത്. സ്ട്രെപ്റ്റോമൈസിൻ ഫലപ്രദം.

**3. കോളിബാസില്ലോസിസ്**

മുട്ടക്കാടകളിൽ ഭക്ഷണവിരക്തിയും നടക്കുമ്പോൾ തളർച്ചയും വിറയലുംകാണിക്കുന്നു. ക്ലോറാംഫെനിക്കോൾ ഫലപ്രദമാണ്യ

**4. സ്റ്റഫൈലോ കോക്കൽ രോഗം**

ശരീരത്തിൽപലയിടത്തും നിറഞ്ഞ കുരുക്കൾ കാണുന്നു.

**5. അഫ്ലാടോക്സിക്കോസിസ്**

തീറ്റയിലെ പൂപ്പൽ വിഷബാധ കൊണ്ടാണ് ഈ രോഗം ഉണ്ടാകുന്നത്. വിഷം കരളിനെ ബാധിക്കുന്നതിനാൽ കാട ആഹാരം കഴിക്കാതെ മരണപ്പെടുന്നു. ടെഫ്രോളി തുള്ളിമരുന്ന് ഫലപ്രദമാണ്.

കാടമുട്ടയുടേയും കോഴിമുട്ടയുടേയും ആവശ്യകത കൂടിയതോടെ ഇപ്പോൾ അനേകം കർഷകർ കാടവളർത്തൽ മുഖ്യതൊഴിലായും ഉപതൊഴിലായും സ്വീകരിച്ചിട്ടുണ്ട്. ശാസ്ത്രീയമായ പരിപാലനമുറകൾ അവലംബിക്കുക വഴി കാടവളർത്തൽ അധിക ആദായത്തിനു വഴിയൊരുക്കും. സർക്കാർ മൃഗസംരക്ഷണപരിശീലനകേന്ദ്രങ്ങളിൽ കാടവളർത്തലിൽ സൗജന്യ പരിശീലനം (ഒരു ദിവസത്തെ) ലഭ്യമാണ്.

**കാടകളെ ലഭിക്കുന്ന സ്ഥലങ്ങൾ**

1. സെൻട്രൽ ഹാച്ചറി, ചെങ്ങന്നൂർ. 0479 2452277
2. യൂണിവേഴ്സിറ്റി പൗൾട്രി ഫാം, മണ്ണുത്തി, തൃശ്ശൂർ. 0487 23670344 (Extn 300)
3. റീജിയണൽ പൗൾട്രി ഫാം, ചാത്തമംഗലം, കോഴിക്കോട്. 0495 2287481

# 'കേരളം അറിവിനെ ജനകീയവൽക്കരിക്കുന്നു'

കോഴിക്കോട്: കേരളം അറിവിനെ ജനകീയവൽക്കരിക്കുമ്പോൾ മറ്റിടങ്ങളിൽ കച്ചവടവൽക്കരണ(ചരക്കുവൽക്കരണം)മാണ് നടക്കുന്നതെന്ന് മുൻ വിദ്യാഭ്യാസമന്ത്രി സി.രവീന്ദ്രനാഥ് പറഞ്ഞു. എ.കെ.ജി പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കേളുവേട്ടൻ പഠനഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നടത്തുന്ന അഞ്ചാമത് കേരള പഠന കോൺഗ്രസിന്റെ ഭാഗമായി നടക്കുന്ന വിദ്യാഭ്യാസ സെമിനാറിനോടനുബന്ധിച്ച് സംഘടിപ്പിച്ച വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മാതൃഭാഷാ പഠനത്തിന് മുൻതൂക്കം നൽകിയാണ് കേരളം ജനകീയ വിദ്യാഭ്യാസത്തിൽ മുന്നേറിയത്. കേന്ദ്രസർക്കാർ കൊണ്ടുവന്ന പുതിയ വിദ്യാഭ്യാസ നയം വൈവിധ്യങ്ങളെ ഇല്ലാതാക്കുന്നതാണ്.



അഞ്ചാമത് കേരള പഠന കോൺഗ്രസിന്റെ ഭാഗമായി നടക്കുന്ന വിദ്യാഭ്യാസ സെമിനാറിനോടനുബന്ധിച്ച് സംഘടിപ്പിച്ച വാർത്താസമ്മേളനത്തിൽ സംസാരിക്കുന്ന മുൻ മന്ത്രി സി.രവീന്ദ്രനാഥ്

ജനകീയ വിദ്യാഭ്യാസത്തിലെ ആധുനികവൽക്കരണമാണ് കേരളം ലക്ഷ്യമിടുന്നത്. എല്ലാ ആധുനിക സാങ്കേതിക വിദ്യകളും ഉപയോഗിച്ച് വിദ്യാഭ്യസത്തെ ജനകീയവൽക്കരിക്കും. പുതിയ കാലത്തിനനുസരിച്ച് അധ്യാപകരേയും പരിവർത്തിപ്പിക്കേണ്ടതുണ്ട്. വാർത്താസമ്മേളനത്തിൽ ഡോ. സി.രാമകൃഷ്ണൻ, എ.പ്രദീപകുമാർ, കെ.ടി കുഞ്ഞിക്കണ്ണൻ എന്നിവരും പങ്കെടുത്തു.

# കാലിക്കറ്റ് മാമ്പഴ പ്രദർശനം ആരംഭിച്ചു

കോഴിക്കോട്: കാലിക്കറ്റ് അഗ്രി ഹോൾട്ടികൾച്ചറൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 28ാമത് കാലിക്കറ്റ് മാമ്പഴ പ്രദർശനം ഇന്ന് രാവിലെ 10 മണിക്ക് മേയർ ബീന ഫിലിപ് ഉദ്ഘാടനം ചെയ്തു. പാലക്കാട് മുതലമടയിലെ കർഷകരിൽ നിന്ന് മുതലമട അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റി ശേഖരിച്ചുകൊണ്ട് വന്നതും തളിപ്പറമ്പ് ജില്ലാ കൃഷിഫാമിൽ നിന്ന് ശാസ്ത്രീയ പരീക്ഷണ ഫലമായി ഉൽപ്പാദിപ്പിച്ച മാമ്പഴങ്ങൾ ഈ പ്രദർശനത്തിനെത്തിക്കുന്നതും ജനങ്ങൾക്ക് നല്ല മാമ്പഴം മിതമായ വിലയിൽ ലഭ്യമാക്കുന്ന സൊസൈറ്റിയുടെ പ്രവർത്തനം മാതൃകാപരമാണെന്ന് മേയർ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. സൊസൈറ്റി വൈസ്





1. 28ാമത് കാലിക്കറ്റ് മാമ്പഴ പ്രദർശനം ഗാന്ധിപാർക്കിൽ മേയർ ബീന ഫിലിപ് ഉദ്ഘാടനം ചെയ്യുന്നു 2.പ്രദർശന സ്റ്റാളിൽ നിന്നുള്ള ദൃശ്യം

പ്രസിഡന്റ് പി.വി ഗംഗാധരൻ അധ്യക്ഷത വഹിച്ചു. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ മുഖ്യാതിഥിയായിരുന്നു. ആദ്യ വിൽപ്പന കോർപറേഷൻ കൗൺസിലർ കെ.റംലത്ത്, കെ.ഇ സുരേഷ് ബാബുവിന് നൽകി നിർവഹിച്ചു. തളിപ്പറമ്പ് ജില്ലാ അഗ്രികൾച്ചറൽ ഫാം സൂപ്രണ്ട് കെ.സ്മിത ഹരിദാസ്, മുതലമട അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണസംഘം ഡയരക്ടർ ആർ.രവി ആശംസകൾ നേർന്നു. സൊസൈറ്റി സെക്രട്ടറി അംബിക രമേഷ് സ്വാഗതവും ജനറൽ കൺവീനർ യു.വി ബ്രിജി നന്ദിയും പറഞ്ഞു. സൊസൈറ്റി ഭാരവാഹികളായ അഡ്വ.തോമസ് മാത്യു, അഡ്വ. എം.രാജൻ, പുത്തൂർമഠം ചന്ദ്രൻ, എം.അരവിന്ദൻ എന്നിവരും സൊസൈറ്റി എക്സിക്യൂട്ടീവംഗങ്ങളും ചടങ്ങിൽ സംബന്ധിച്ചു. പ്രദർശനം 10ന് സമാപിക്കും. കോഴിക്കോട് ചെറൂട്ടി റോഡിലെ അരവിന്ദ് ഘോഷ് റോഡിലുള്ള ഗാന്ധിപാർക്കിലാണ് പ്രദർശനം നടക്കുന്നത്.

# സർക്കാർ ഉദ്യോഗസ്ഥർ ജനസൗഹൃദ സമീപനം സ്വീകരിക്കണം: മന്ത്രി കെ. രാധാകൃഷ്ണൻ

തലശ്ശേരി: സർക്കാർ ഉദ്യോഗസ്ഥർ ജനസൗഹൃദ സമീപനം സ്വീകരിക്കണമെന്ന് പട്ടികജാതി-പട്ടികവർഗ, പിന്നോക്കക്ഷേമ ദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ പറഞ്ഞു. സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി തലശ്ശേരി താലൂക്ക് തല പരാതി പരിഹാര അദാലത്ത് കരുതലും കൈത്താങ്ങും തലശ്ശേരി ഗവ. ബ്രണ്ണൻ ഹയർ സെക്കൻഡറി സ്കൂൾ അങ്കണത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെ പരാതികൾക്ക് അതിവേഗത്തിൽ പരാഹാരമുണ്ടാക്കണം. അതത് സമയം പരാതികൾ പരിഹരിക്കാത്തത് വലിയ പ്രയാസം സൃഷ്ടിക്കും. ജനങ്ങൾക്ക് പ്രയാസമുണ്ടാക്കുകയല്ല ഉദ്യോഗസ്ഥരുടെ ചുമതല. അവരുടെ പ്രയാസങ്ങൾക്ക് അതിവേഗം പരിഹാരം കാണുകയാണ് അദാലത്തിന്റെ ലക്ഷ്യം. ഇതിനുള്ള തുടക്കമാണ് കരുതലും കൈത്താങ്ങുമെന്ന അദാലത്ത്. ഇത് വഴി പരാതി പരിഹാര കാര്യത്തിൽ കേരളം മാതൃകയാവുമെന്നും മന്ത്രി പറഞ്ഞു. സമൂഹത്തിൽ അവശേഷിക്കുന്ന പരാതികൾക്ക് സമയബന്ധിതമായി പരിഹാരം കാണുകയാണ് ലക്ഷ്യം. ജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണാൻ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഒരുമിച്ച് പ്രവർത്തിക്കണം അതിനാണ് മന്ത്രിമാർ നേരിട്ട് ഇടപെടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി തലശ്ശേരി താലൂക്ക് തല പരാതി പരിഹാര അദാലത്ത് 'കരുതലും കൈത്താങ്ങും' തലശ്ശേരി ഗവ. ബ്രണ്ണൻ ഹയർ സെക്കൻഡറി സ്കൂൾ അങ്കണത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന മന്ത്രി കെ. രാധാകൃഷ്ണൻ

പരാതി പരിഹാര അദാലത്തിന്റെ തുടർ നടപടികൾ പരിശോധിക്കാനും വിലയിരുത്താനുമായി ജില്ലാതല മോണിറ്ററിങ് സെൽ രൂപീകരിക്കുമെന്ന് വിശിഷ്ടാതിഥിയായി സംസാരിച്ച കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് പറഞ്ഞു. നിയമസഭാ സ്പീക്കർ അഡ്വ.എ.എൻ ഷംസീർ അധ്യക്ഷത വഹിച്ചു. കെ.പി മോഹനൻ എം.എൽ.എ, തലശ്ശേരി നഗരസഭാ ചെയർപേഴ്സൺ കെ.എം ജമുന റാണി, ജില്ലാ ഡെവലപ്മെന്റ് കമ്മീഷണർ ഡി.ആർ മേഘശ്രീ, സബ് കലക്ടർ സന്ദീപ് കുമാർ എന്നിവർ പങ്കെടുത്തു.



സുഹൃത്ത് സംഘം സംഘടിപ്പിച്ച ആദരവ് ചടങ്ങിൽ മുതിർന്ന സ്പോർട്സ് സംഘാടകൻ കെ.രാമദാസിന് തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ ഉപഹാരം നൽകിയപ്പോൾ

## 'കെ.രാമദാസ്' സ്പോർട്സിൽ പ്രതിബദ്ധത ഉയർത്തിപ്പിടിച്ച മാതൃകാ വ്യക്തിത്വം: തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ

കോഴിക്കോട്: കെ.രാമദാസ് സ്പോർട്സിൽ പ്രതിബദ്ധത ഉയർത്തിപ്പിടിച്ച മാതൃകാ വ്യക്തിത്വമാണെന്നും അര നൂറ്റാണ്ടിലധികം സ്പോർട്സിന്റെ വളർച്ചക്കായി അദ്ദേഹം നടത്തിയ സേവനം ചരിത്രം രേഖപ്പെടുത്തുമെന്നും തോട്ടത്തിൽ രവീന്ദ്രൻ എം.എൽഎ പറഞ്ഞു. അമ്പത് വർഷം മുൻപ് സ്പോർട്സ് സംഘടനകളോ സൗകര്യങ്ങളോ ഇല്ലാതിരുന്ന കാലത്താണ് അദ്ദേഹം രംഗത്തിറങ്ങി പ്രവർത്തിച്ചത്. മുതിർന്ന സ്പോർട്സ് സംഘാടകൻ കെ.രാമദാസിന് സുഹൃത്ത് സംഘം നൽകിയ ആദരവ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഒ.രാജഗോപാൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന സ്പോർട്സ് കൗൺസിൽ മുൻ പ്രസിഡന്റും മുൻ മേയറുമായ ടി.പി ദാസൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ സ്പോർട്സ് കൗൺസിൽ മുൻ സെക്രട്ടറി എം.ഹാരിസ് കെ.രാമദാസിനെ പരിചയപ്പെടുത്തി. ജില്ലാ സ്പോർട്സ് കൗൺസിൽ മുൻ പ്രസിഡന്റ് കെ.ജെ മത്തായി, പി.ടി ആസാദ് , എ.മൂസ്സഹാജി, കടയാട്ട് വേണുഗോപാൽ, കെ.ടി പങ്കജാക്ഷൻ, വി.എം മോഹനൻ, പി.എം അബ്ദുറഹിമാൻ, അനിത, കെ.വി അബ്ദുൾ മജീദ്, ആർ.ജയന്ത്കുമാർ, ചന്ദ്രൻ.പി, ഉഷ രാമദാസ് ആശംസകൾ നേർന്നു. വിവിധ സ്പോർട്സ് അസോസിയേഷനുകളെ പ്രതിനിധീകരിച്ച് ഭാരവാഹികൾ കെ.രാമദാസിനെ ആദരിച്ചു. കെ.രാമദാസ് മറുമൊഴി നടത്തി.



സി.എച്ച് പഠന ഗവേഷണ കേന്ദ്രം സംഘടിപ്പിച്ച ചർച്ചയിൽ നിന്ന്

## 'മതേതര കൈരളിക്ക് പാണക്കാട് കുടുംബം നൽകിയ സംഭാവനകൾ മായ്ച്ചു കളയാനാവാത്തത്'

കോഴിക്കോട്: മതേതര കൈരളിക്ക് പി.എം.എസ്.എ പൂക്കോയ തങ്ങൾ മുതൽ പാണക്കാട് കുടുംബം നൽകിയ സംഭാവനകൾ മായ്ച്ചു കളയാനാവാത്തതാണെന്നും ചരിത്രം നിലനിൽക്കുന്ന കാലത്തോളം ആ സംഭാവനകൾ ചരിത്രത്തിൽ രേഖപ്പെടുത്തി കിടക്കുമെന്നും സി.എച്ച് പഠന ഗവേഷണ കേന്ദ്രം കോഴിക്കോട് സംഘടിപ്പിച്ച ചർച്ചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. രാജ്യത്തിന്റെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും വർഗീയ വിദ്വേഷ പ്രചരണങ്ങളുമായി നടക്കുന്ന വെറുപ്പിന്റെ ശക്തികൾക്ക് കേരളത്തിൽ വേരോട്ടം ലഭിക്കുവാനിട നൽകാതെ ശക്തമായ മതേതര, ജനാധിപത്യ, ഭരണഘടനാ വിശ്വാസമൂല്യം പകർന്നു നൽകുന്നതിൽ പാണക്കാട് കുടുംബം നൽകിയ സംഭാവനകൾ മഹത്തരമാണെന്നും പ്രാസംഗികർ പറഞ്ഞു. സി.എച്ച്.പഠന ഗവേഷണ കേന്ദ്രം ഡയരക്ടർ സി.ടി സക്കീർ ഹുസൈൻ അധ്യക്ഷത വഹിച്ചു. പ്രമുഖ കോളമിസ്റ്റ് കെ.മൊയ്തീൻ കോയ മുഖ്യപ്രഭാഷണം നിർവഹിച്ചു. സീനിയർ അഭിഭാഷകൻ അഡ്വ. പി.എം ഹനീഫ് മുഖ്യാതിഥിയായി പങ്കെടുത്തു. എ.ടി മൊയ്തീൻകോയ, പി.എം ഇക്ബാൽ, അനസ് പരപ്പിൽ, എസ്.കെ.വി യാക്കൂബ്. കെ.പി ഹംസ, സി.പി കാദർ, കെ.പി മജീദ്, നിസാർ ചാമുണ്ടിവളപ്പ്, നസ്ഫർ കണ്ണഞ്ചേരി, അസ്‌ലം മാസ്റ്റർ തുടങ്ങിയവർ സംസാരിച്ചു. കെ. അബ്ദുൾ നാസർ സ്വാഗതവും ജംഷീദ് നാലകത്ത് നന്ദിയും പറഞ്ഞു.

# 'വിജ്ഞാനത്തിന്റേയും ഐക്യത്തിന്റേയും സാഹോദര്യത്തിന്റെയും പൈതൃകത്തെ നാം മുറുകെ പിടിക്കണം'

കോഴിക്കോട്: വിദേശകാര്യ മന്ത്രാലയത്തിന്റെ അതിഥിയായി ആറു ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ഈജിപ്ഷ്യൻ ഗ്രാൻഡ് മുഫ്തി ശൗഖി ഇബ്റാഹീം അല്ലാമും ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാരും കൂടിക്കാഴ്ച്ച നടത്തി. മർകസ് നോളേജ് സിറ്റിയിലെ ജാമിഉൽ ഫുതൂഹ് ഇന്ത്യൻ ഗ്രാൻഡ് മസ്ജിദിൽ നടന്ന കൂടിക്കാഴ്ച്ചയിൽ ഇരു രാജ്യങ്ങളിലെ മത, സാംസ്കാരിക, വിദ്യാഭ്യാസ വിഷയങ്ങൾ ചർച്ചയായി. വിജ്ഞാനത്തിന്റേയും ഐക്യത്തിന്റേയും സാഹോദര്യത്തിന്റേയും പൈതൃകത്തെ നാം മുറുകെ പിടിക്കണം. രാജ്യനന്മക്ക് വേണ്ടി നാം ഒത്തൊരുമിച്ച് പ്രവർത്തിക്കണം ഇന്ത്യയിലേയും ഈജിപ്തിലേയും ഭരണഘടനകൾ എല്ലാവിധ പൗരന്മാർക്കും ജാതിമത ഭേദമന്യേ തുല്യ സ്വാതന്ത്ര്യം നൽകുന്ന ഭരണഘടനകളാണ് എന്നതാണ് ഈ രാജ്യങ്ങളെ തമ്മിൽ കൂടുതലായി ബന്ധിപ്പിക്കുന്ന മുഖ്യ ഘടകം. അതുകൊണ്ട് തന്നെ പൗരന്മാർ ഭരണഘടന അനുസരിച്ച് ജീവിക്കാൻ തയ്യാറാകേണ്ടതും, ഭരണാധികാരികൾ പൗരന്മാർക്ക് അർഹമായ ഭരണഘടനാ അവകാശങ്ങൾ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണെന്നും ഇരുവരും പറഞ്ഞു. ഏതൊരു സമൂഹത്തിന്റേയും രാജ്യത്തിന്റേയും നിലനിൽപ്പ് വിദ്യാഭ്യാസം, സാഹോദര്യം, ഐക്യം എന്നിവയെ ആശ്രയിച്ചിരിക്കുന്നു. കാരണം അവ മനുഷ്യരാശിയെ ഉന്നതമായ ധാർമികതയിലേക്ക് നയിക്കുന്ന അടിസ്ഥാന ഘടകങ്ങളാണ്. ഇവ മുറുകെപ്പിടിച്ച് രാജ്യ നന്മക്കായി പ്രവർത്തിക്കാൻ യുവാക്കൾ പ്രതിജ്ഞാബദ്ധരാവണം. മതങ്ങളുടേയും ഭാഷകളുടേയും വംശങ്ങളുടേയും വർണങ്ങളുടേയും വൈവിധ്യങ്ങളെ ഉൾക്കൊണ്ട് എല്ലാവരെയും ഒരേ ചരടിൽ കോർത്തിണക്കുന്ന ഇന്ത്യക്ക് ലോകത്തിന് മുന്നിൽ അഭിമാനകരമായ സ്ഥാനമുണ്ട്. ഇന്ത്യൻ ജനത പൊതുവേയും, മുസ്ലിംകൾ പ്രത്യേകിച്ചും തങ്ങളെ ഒരുമിച്ചുകൂട്ടിയ ഈ ചരട് മുറിയാതിരിക്കാൻ വളരെയെറെ ശ്രദ്ധാലുക്കളായിരിക്കണം. ഈജിപ്തിലേയും ഇന്ത്യയിലേയും പണ്ഡിതന്മാർ ഇരു രാജ്യങ്ങളിലും മതങ്ങൾക്കിടയിൽ സഹിഷ്ണുതയും സൗഹാർദ്ദവും പ്രചരിപ്പിക്കുന്നതിന് ഒരുമിച്ചു ചേർന്ന് പ്രവർത്തിക്കും. ഇരു രാജ്യങ്ങൾക്കിടയിലെ വൈജ്ഞാനിക നൈപുണി കൈമാറ്റങ്ങൾക്ക് യൂണിവേഴ്സിറ്റികളേയും വിദ്യാഭ്യാസ സ്ഥാപനങ്ങളേയും പരസ്പരം ബന്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തും. വൈജ്ഞാനിക ഗവേഷണ സാങ്കേതിക മേഖലകളിലെ സഹകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്ത്യൻ ഫത്വാ കൗൺസിലും ഈജിപ്ഷ്യൻ ഫത്വാ കൗൺസിലും സഹകരിച്ച് കോൺഫറൻസുകളും സെമിനാറുകളും സംഘടിപ്പിക്കും.




ഈജിപ്ഷ്യൻ ഗ്രാൻഡ് മുഫ്തി ശൗഖി ഇബ്റാഹീം അല്ലാമും ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാരും മർകസ് നോളേജ് സിറ്റിയിലെ ജാമിഉൽ ഫുതൂഹ് ഇന്ത്യൻ ഗ്രാൻഡ് മസ്ജിദിൽ നടത്തിയ കൂടിക്കാഴ്ച്ചയിൽ നിന്ന്

# നാദാപുരത്ത് ലൈഫ് പദ്ധതിയിൽ പൂർത്തീകരിച്ച വീടിന്റെ താക്കോൽ കൈമാറി

നാദാപുരം: സംസ്ഥാന സർക്കാരിന്റെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 20,000 വീടുകളുടെ താക്കോൽ കൈമാറുന്നതോട് അനുബന്ധിച്ച് നാദാപുരത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താവിന്റെ വീട് പൂർത്തീകരിച്ച് താക്കോൽ കൈമാറി. എട്ടാം വാർഡിലെ വള്ളിയാട്ട് കണ്ണൻ, ജാനു എന്നിവരുടെ വീടിന്റെ താക്കോലാണ് നാദാപുരത്ത് കൈമാറിയത്. നാദാപുരം ഗ്രാമപഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ അംഗീകരിച്ച ഗുണഭോക്ത ലിസ്റ്റിൽ 221 പേർ ഉൾപ്പെട്ടിട്ടുണ്ട് ആദ്യഘട്ടത്തിൽ 45 പേരുടെ രേഖകൾ പരിശോധിച്ചതിൽ 35 പേർ ലൈഫ് പദ്ധതിയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അതി ദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ട അഞ്ചു ഗുണഭോക്താക്കളും ലൈഫ് പദ്ധതിയുടെ പ്രാഥമിക കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. വീട്ടിൽ വച്ച് നടന്ന പാലുകാച്ചൽ ചടങ്ങിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പൊതുപ്രവർത്തകരും പങ്കെടുത്തു. നാല് ലക്ഷം രൂപയാണ് ലൈഫ് പദ്ധതിയിൽ ഉപഭോക്താവിന് ധനസഹായം നൽകിയത്. പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഖിലാ മര്യാട്ട് പൂർത്തീകരിച്ച വീടിന്റെ താക്കോൽ ഗുണഭോക്താവിന് കൈമാറി, വാർഡ് മെംബർ എ.കെ ബിജിത്ത് അധ്യക്ഷത വഹിച്ചു. സ്ഥിരം സമിതി അധ്യക്ഷൻമാരായ സി.കെ നാസർ, എം.സി സുബൈർ, ജനീത ഫിർദൗസ്, പഞ്ചായത്ത് സെക്രട്ടറി ടി. ഷാഹുൽ ഹമീദ്, മെംബർ പി.പി ബാലകൃഷ്ണൻ നിർവഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ.ഐ അവിനാഷ്, വാർഡ് വികസന സമിതി കൺവീനർ സി. അശോകൻ മാസ്റ്റർ, കമല വള്ളിയാട് എന്നിവർ സംസാരിച്ചു.



നാദാപുരത്ത് ലൈഫ് പദ്ധതിയിൽ പൂർത്തീകരിച്ച വീടിന്റെ താക്കോൽ ഗുണഭോക്താവിന് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഖില മര്യാട്ട് കൈമാറിയപ്പോൾ

## കുമാരനാശാൻ ജയന്തി ആഘോഷം; കവിയരങ്ങ് നടത്തി

തിരുവനന്തപുരം: ആശാൻ അക്കാദമിയുടെ ആഭിമുഖ്യത്തിൽ കുമാരനാശാൻ ജയന്തി ആഘോഷത്തിന്റെ ഭാഗമായി കവിയരങ്ങ് സംഘടിപ്പിച്ചു. കനക നഗറിലെ ആശാൻ അക്കാദമി ഹാളിൽ വച്ച് നടന്ന ചടങ്ങ് അഡ്വ.വി.കെ പ്രശാന്ത് എം.എൽ.എ ഉദ്ഘാടനം ചെയ്തു. 'സ്നേഹഗായകൻ' എന്ന ആശാനെക്കുറിച്ചുള്ള സ്വന്തം കവിത ചൊല്ലി കടയ്ക്കാവൂർ പ്രേമചന്ദ്രൻ നായരാണ് കവിയരങ്ങിന് തുടക്കം കുറിച്ചത്. കാര്യവട്ടം ശ്രീകണ്ഠൻ നായർ അധ്യക്ഷത വഹിച്ചു.

മഹിളാ ബാബു പരിപാടി ഏകോപിപ്പിച്ചു. തുടർന്ന് 'കുമാരനാശാൻ കൃതികളിലെ ബഹുസ്വരത' എന്ന വിഷയിത്തിൽ സെമിനാർ നടന്നു. പ്രൊഫ.ജി.എൻ പണിക്കർ മോഡറേറ്ററായി. ആശാൻ കൃതികളിലെ സ്ത്രീ എന്ന വിഷയം ഡോ.എം.ആർ തമ്പാനും ആശാന്റെ ബാലകൃതികൾ എന്ന വിഷയം പ്രൊഫ.വിശ്വമംഗലം സുന്ദരേശനും നവോത്ഥാന നായകനായ കുമാരനാശാൻ എന്ന വിഷയം ഡോ.വള്ളിക്കാവ് മോഹൻദാസും ആശാൻ കൃതികളിലെ കാൽപനികത എന്ന വിഷയം പ്രൊഫ.ജോളി വർഗീസും ആശാൻ കൃതികളിലെ ആത്മീയത എന്ന വിഷയം ബി.ആർ രാജേഷും അവതരിപ്പിച്ചു. ആശാൻ അക്കാദമി സെക്രട്ടറി പൂതംകോട് ഹരികുമാർ സ്വാഗതവും ഒ.പി വിശ്വനാഥൻ നന്ദിയും പറഞ്ഞു.




കുമാരനാശാൻ ജയന്തി ആഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച കവിയരങ്ങിൽനിന്ന്

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.